07
2024
ഏപ്രിൽ
ഞായർ
മീനം 25

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.169 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-169 | പേജ് 4. വില 2.00 രൂപ




02 വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഐഎസ്പിഎസ് കോഡ് ലഭിച്ചു

03 പെരിങ്ങമ്മല പഞ്ചായത്തിലെ തെരഞ്ഞെടുപ്പിൽ വൈസ് പ്രസിഡൻറ് തെരഞ്ഞെടുപ്പ് ഇന്ന്

04 ബിജെപിയുടെ വളർച്ചയ്ക്ക് പ്രചോദനം ദശലക്ഷക്കണക്കിന് പ്രവർത്തകരുടെ ത്യാഗവും സമർപ്പണവും: നദ്ദ

# തിരകളടങ്ങിയ വലിയതുറ തീരത്ത് രാജീവ്

**യേശുദാസ് വില്യം**




തിരുവനന്തപുരം : മിന്നായം പോലെ തീരത്തെ ഇളക്കിമറിച്ച 'കള്ളകടൽ' വന്നതിന്റെ ലക്ഷണമൊന്നും വലിയതുറ പള്ളിക്കടപ്പുറത്തില്ല.വൈകുന്നരത്തെ സൂര്യന്റെ ചൂടിനുമുകളിലേക്ക് കടൽക്കാറ്റു വീശിയില്ല.ആഴ്ചയുടെ അവസാനദിവസമായ ശനിയാഴ്ചയുടെ കടൽപ്പണിയൊഴിഞ്ഞ ആലസ്യത്തിൽ മൽസ്യത്തൊഴിലാളികൾ ചെറു കൂട്ടങ്ങളായി ചീട്ടുകളിയും,വലപ്പണിയുമൊക്കെയായി അവിടവിടെയുണ്ട്. വലിയതുറപ്പാലം തകർന്നതുകൊണ്ടു നീരൊഴുക്കിനനുസരിച്ചു കൈത്താളം പിടിക്കുന്ന ചൂണ്ടക്കാരെയും പാലത്തിൽ കണ്ടില്ല.നിരത്തിവെച്ച ഫൈബർ വള്ളങ്ങൾക്കിടയിൽ പതിവിനു വിരുദ്ധമായി ബിജെപിയുടെയും,ബിഎംഎസിന്റെയും കൊടികൾ.കടപ്പുറത്തിന് ഇതു പതിവില്ല.പക്ഷേ ഇന്ന് തീരത്തെ തൊഴിലാളികളുടെ കൂട്ടായ്മയിലേക്കുഎൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ വരുന്നു.വലിയതുറയിലും വിമാനത്താവളത്തിലുമൊക്കെ പണിയെടുക്കുന്ന തൊഴിലാളികളാണ് ഒത്തു ചേർന്നിരിക്കുന്നത്.

പറഞ്ഞ സമയത്തു തന്നെ രാജീവ് ചന്ദ്രശേഖറിന്റെ കാർ കടൽത്തീരത്തെ ചെറിയ ഫുട്ബോൾ ഗ്രൗണ്ടിലെക്ക് ഇറങ്ങിവന്നു നിന്നു.കാറിൽ നിന്നിറങ്ങിവന്ന രാജീവ് ചന്ദ്രശേഖറിനെകണ്ടപ്പോൾ കളിക്കുന്ന കുട്ടികൾക്ക് ആവേശം.അവരെ കടന്ന് കടൽതീരത്തു നിരനിരയായി കയറ്റിവച്ചിരിക്കുന്ന വള്ളങ്ങളുടെ ഓരം പറ്റി നിൽക്കുന്നവർക്ക് നമസ്കാരം പറഞ്ഞു രാജീവ് നീങ്ങി. 'കളിക്കുന്നവർ കളിച്ചോളു.എഴുന്നേൽക്കണ്ട'.എന്നു പറഞ്ഞു കൊണ്ടു രാജീവ് ഒന്നുകൂടി തീരത്തേക്കു നടന്നു.കിഴക്കുപടിഞ്ഞാറു നീണ്ടു നിവർന്നു ചരിത്രസ്മാരകം പോലെ നിന്ന കടൽപ്പാലം തകർന്നു രണ്ടായി നിൽക്കുന്നതു നോക്കി കണ്ടു.സംഘാടകൻ ടോമി അപ്പോൾ കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുന്നുണ്ടായിരുന്നു.കടലാക്രമണവും,കാർഗോ കോംപ്ലക്സിന്റെ വിപലീകരണവും തൊഴിലാളികളുടെ ഉപജീവനത്തെപ്പറ്റിയും ടോമി വിശദമാക്കി. 'പാലം പൂർവ്വസ്ഥിതിയിൽ ആക്കി സംരക്ഷിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞിട്ടുണ്ട്' വിജയിപ്പിച്ചാൽ പറഞ്ഞകാര്യങ്ങൾ ഉറപ്പായും ചെയ്യും.വലിയതുറയിലും തൊട്ടടുത്ത തീരങ്ങളിലുമാണ് കടലാക്രമണത്തിന്റെ കെടുതി ഏറ്റവും രൂക്ഷമായിട്ടുള്ളത്.അക്കാര്യങ്ങളൊക്കെ വിശദമായി സംഘാടകർ പറഞ്ഞു.പൊഴിയൂർ മുതൽ വർക്കലെ വരെയുള്ള കടലാക്രമണത്തിന് ദീർഘകാല പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും രാജീവ് അവരോടു പറഞ്ഞു.

തീരത്തിനഭിമുഖമായി നിൽക്കുന്ന കേരള മാരിടൈം ബോർഡിന്റെ പഴയ കെട്ടിടവും,കസ്റ്റംസിന്റെ മന്ദിരവും അവിടെയുള്ള സ്ഥലത്തെക്കുറിച്ചും ചന്ദ്രശേഖർ ആരാഞ്ഞു.പന്തുകളിക്കുന്ന തീരത്തെ കുട്ടികൾക്കായി വലിയൊരു അക്കാഡമി മനസ്സിലുണ്ട്.അതനുപറ്റിയ സ്ഥലവും തീരത്തു തന്നെയുണ്ട്.ഇന്ത്യ ആതിഥ്യമരുളുന്ന ഒളിംപിക്സിന് തീരത്തുനിന്നുള്ള മിടുക്കൻമാർ പങ്കെടുക്കണം.എന്നിട്ടു കുട്ടികളോടു പന്തു തട്ടി.'കളിക്കാനല്ല ഞാൻ വന്നത്' എന്നു പറഞ്ഞിട്ട് അവിടെ കൂടിയിരുന്നവരെ അഭിസംബോധന ചെയ്തു.' എനിക്കൊരു അവസരം തരണം.അതു മാത്രമേ ചോദിക്കുന്നുള്ളു. പറയുന്നതെല്ലാം ചെയ്യും.അതാണെന്റെ രീതി.' കൂട്ടായ്മയുടെ കൈയ്യടികൾക്കിടയിൽ നിന്നു രാജീവ് പറഞ്ഞു.

തീരത്തു ചീട്ടുകളിച്ചിരുന്ന ചെറു സംഘങ്ങളും രാജീവിന്റെ പ്രസംഗം കളി നിർത്തി ശ്രദ്ധിച്ചു. 'കഴിഞ്ഞ നാലിന് ഞാൻ തിരുവനന്തപുരത്തു വന്നു.എന്റെ പ്രവർത്തനം മുമ്പോട്ടു പോയപ്പോൾ ഒരു തിരിച്ചറിവുണ്ടായി.തിരുവനന്തപുരത്തെ എന്റെ വരവ് ഒരു നിയോഗമാണ്.ഇവിടെ മാറ്റം കൊണ്ടുവരണം.വികസനത്തിനു ബ്രേക്കിട്ടിരിക്കുന്ന അവസ്ഥ മാറണം അതിനാണ് നിങ്ങളുടെ സഹായം വേണ്ടത്.' ' സഹായമല്ല വേണമെങ്കിൽ ഞങ്ങൾ ജീവൻ താരാം' ആവേശത്തിലൊരു ചെറുപ്പക്കാരൻ ചാടി എഴുന്നേറ്റു പറഞ്ഞു. പ്രസംഗം അവസാനിപ്പിച്ചു രാജീവ് എല്ലാവരുമായും സംസാരിച്ചു കാര്യങ്ങൾ ചോദിച്ചറിഞ്ഞു.ചാരനിറത്തിലെ ജൂബയും,കസവുപാകിയ വെള്ളമുണ്ടും ധരിച്ചെത്തിയ രാജീവിനെ സംഘാടകർ ഷാളണിയിച്ചു. പ്രസിദ്ധമായ വലിയതുറ സെന്റ് ആന്റെണീസ് പള്ളിയിൽ നിന്നും വൈകുന്നേരത്തെ നൊവേന കഴിഞ്ഞു കൂട്ടമായി എത്തിയവർ രാജീവിനെ കണ്ടു നിന്നു.അവരെ നോക്കി രാജീവ് ചന്ദ്രശേഖർ കൈകൂപ്പി. അടുത്ത കൂട്ടായ്മയിലേക്കു സ്ഥാനാർത്ഥി നീങ്ങുമ്പോൾ വലിയതുറ പള്ളിയിൽ നിന്നും തിരുന്താതി മണി ഉയർന്നു.



## നവദമ്പതികൾ

തിരുവനന്തപുരം. മലയാള സിനിമയിലെ പ്രശസ്ത നടൻ ബൈജുവിന്റെയും രഞ്ജിതയുടെയും മകൾ ഐശ്വര്യ സന്തോഷ് വിവാഹിതയായി.പത്തനം തിട്ട ഓമല്ലൂർ കൈലാസത്തിൽ രഘുനാഥൻ നായരുടെയും താര രഘുനാഥിന്റെയും മകൻ രോഹിത് നായരാണ് വരൻ. തിരുവനന്തപുരത്തെ സുബ്രഹ്മണ്യം ഹാളിൽ നടന്ന വിവാഹത്തിൽ മലയാള ചലച്ചിത്ര,രാഷ്ട്രീയ,സാമൂഹ്യരംഗത്തെ പ്രമുഖരുമടങ്ങുന്ന വലിയൊരു സുഹൃത്തുവലയം ചടങ്ങിൽ പങ്കു കൊണ്ടു.

# മൂന്ന് തവണ എംപിയായ ശശി തരൂരിന്റേത് മൂന്നാം കിട രാഷ്ട്രീയം: രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം : എൻഡിഎ സ്ഥാനാർത്ഥി പണം നൽകി വോട്ടു തേടുകയാണെന്ന ശശി തരൂർ എംപിയുടെ ആരോപണത്തിനെതിരെ അതിരൂക്ഷമായി പ്രതികരിച്ച് രാജീവ് ചന്ദ്ര ശേഖർ.

മൂന്ന് തവണ എംപിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ഇപ്പോൾ പയറ്റുന്നത് നിലവാരം തീരെയില്ലാത്ത മൂന്നാം കിട രാഷ്ട്രീയമാണ്. നെഗറ്റീവ് രാഷ്ട്രീയം എന്റെ ശൈലിയല്ല; ഞാൻ നില കൊള്ളുന്നത് പോസിറ്റീവ് നിലപാടുകൾക്കും നാടിന്റെ വികസനത്തിനും വേണ്ടിയാണ്. ദയവായി എന്നെ വില കുറഞ്ഞ രാഷ്ട്രീയത്തിലേക്ക് വലിച്ചിടരുത്‘, രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ശശി തരൂരിന്റെ ആരോപണങ്ങൾ പച്ചക്കള്ളമാണെന്നും അപകീർത്തിപരമായ പ്രസ്താവനക്കെതിരേ ശക്തമായ നിയമനടപടികൾ ആരംഭിച്ചതായുംരാജീവ് ചന്ദ്രശേഖർ സൂചിപ്പിച്ചു.

ഒരു എംപി എന്ന നിലയിൽ ശശി തരൂരിന്റെ കഴിഞ്ഞ 15 വർഷത്തെ പ്രകടനം സൂക്ഷ്മ പരിശോധന നടത്തുന്നതിൽ നിന്നും ജനശ്രദ്ധ തിരിക്കാനുള്ള നിഷ്ഫലശ്രമമാണ് അദ്ദേഹം ഇപ്പോൾ പറയുന്ന പച്ചക്കള്ളത്തിനു പിന്നിലുള്ളത്. മുൻപ് സിഎഎ, മണിപ്പൂർ വിഷയങ്ങളിൽ പറഞ്ഞതു പോലുള്ള പച്ച നുണയാണ് താൻ പണം നൽകി സാമുദായിക വോട്ടുകളെ സ്വാധീനിക്കാൻ ശ്രമിക്കുന്നുവെന്നതും. എനിക്കെതിരേ ആരോപണം ഉന്നയിച്ച പശ്ചാത്തലത്തിൽ ഗൗരവമേറിയ പല ചോദ്യങ്ങൾക്കും ശശി തരൂർ മറുപടി പറയണം, പറയേണ്ടിവരും.

> " നെഗറ്റീവ് രാഷ്ട്രീയം എന്റെ വഴിയല്ല; അതിലേക്ക് എന്നെ വലിച്ചിടരുത് ആരോപണങ്ങൾക്കെതിരേ നിയമ നടപടികൾ തുടങ്ങിക്കഴിഞ്ഞു "

1) പണം നൽകിയതാർക്ക്?

ഞാൻ പണം നൽകിയെന്ന് ആരോപിക്കുമ്പോൾ അത് ആര് വാങ്ങി എന്നു കൂടി ശശി തരൂർ വ്യക്തമാക്കുക തന്നെ വേണം.

2) സിറ്റിങ് എംപി എന്ന നിലയിൽ അദ്ദേഹത്തിനും ഇത്തരം ഒരു അനുഭവം നേരത്തെ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ആരിൽ നിന്ന് എന്ന ദ്ദേഹം വ്യക്തമാക്കണം.

ഇന്നാട്ടിലെ സാമുദായിക സംഘടനകളെക്കൂടി അവഹേളിക്കുന്നതാണ് തരൂരിന്റെ വ്യാജ പ്രസ്താവന.

ഇത്തരം അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ അതിന് നിയമപരമായി ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കണമെന്നു കൂടി ശശി തരൂർ ഓർത്തിരിക്കുന്നത് നല്ലതാണ്. തരൂരിന്റെ രാഷ്ട്രീയ സംസ്കാരമല്ല എന്റേത് പൊതുജീവിതത്തിലെ അഴിമതികൾക്കെതിരേ സന്ധിയില്ലാ സമരം ചെയ്യുന്ന നരേന്ദ്ര മോദി ജിയുടെ സുധീരമായ നിലപാടുകളാണ് ഞാൻ പിന്തുടരുന്നത്.

എന്തായാലും, ഇത്തരം ബാലിശമായ ആരോപണങ്ങളെ ആശ്രയിച്ചല്ല, മറിച്ച് തിരുവനന്തപുരത്തെ ജനങ്ങളുടെ വീട്, കുടിവെള്ളം, നൈപുണ്യ വികസനം തുടങ്ങി സമഗ്ര വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് ഞാൻ മുമ്പോട്ട് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. അത് ഇനിയും തുടരുക തന്നെ ചെയ്യും, അദ്ദേഹം പറഞ്ഞു.

അതേ സമയം സാധ്യമായ എല്ലാ വഴികളും ഉപയോഗിച്ച് നിയമപരമായിത്തന്നെ ഇത്തരം വില കുറഞ്ഞ നീക്കങ്ങളെ നേരിടും. അതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞുവെന്നും രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി.



## കണ്ണൂർ രാജന്റെ ചരമ വാർഷികം ഏപ്രിൽ ഏഴിനാണ്"

# പീലിയേഴും വീശിയ സംഗീതം

**മോഹൻശ്രീശൈലം**



കണ്ണൂർ ജില്ലയിലെ എടക്കാട് സ്ഥലത്തെ നിർദ്ധന കുടുംബത്തിലാണു ജനനം.

കോഴിക്കോട് ആൾ ഇന്ത്യാ റേഡിയോയിലെ 'കാഷ്വൽ ആർട്ടിസ്റ്റ്' ആയിരുന്നു.

1974ൽ 'മിസ്റ്റർ സുന്ദരി' എന്ന ചിത്രത്തിൽ വയലാർ രാമവർമ്മ എഴുതിയ വരികൾക്ക് ഈണമിട്ടുകൊണ്ടാണ് കണ്ണൂർ രാ!ജൻ മലയാള സിനിമാ രംഗത്തേയ്ക്ക് എത്തുന്നത്.

എന്തിനെന്നെ വിളിച്ചു നീ വീണ്ടും, ദേവീക്ഷേത്ര നടയിൽ, പീലിയേഴും വീശിവാ,, തുഷാരബിന്ദുക്കളേ, നിമിഷം സുവർണനിമിഷം, വീണപാടുമീണമായി, എന്നീ ഹിറ്റു ഗാനങ്ങൾക്ക് ഒപ്പം നിന്നിഷ്ടം എന്നിഷ്ടം എന്ന ചിത്രത്തിലെ 'നാദങ്ങളായ് നീ വരൂ', 'ഇളംമഞ്ഞിൻ കുളിരുമായൊരു കുയിൽ' എന്നിവയും, 'ചിത്രം' എന്ന സിനിമയിലെ 'പാടം പൂത്തകാലം' 'ഈറൻ മേഘം', 'ദുരെക്കിഴക്കുദിയ്ക്കും' തുടങ്ങിയ ഗാനങ്ങളും, തരംഗിണിയുടെ ചില ആൽബങ്ങളും കണ്ണൂർ രാജനെ മലയാളിയുടെ മനസിൽ ഗൃഹാതുരത്വം ഉണർത്തുന്ന ഓർമ്മയാക്കി നിർത്തുന്നു.

അക്കാലത്ത് മലയാളത്തിലെ ഒട്ടുമിക്ക രചയിതാക്കളും ഗായികാഗായകരുമായി സഹകരിക്കാൻ ഭാഗ്യം സൃഷ്ടിച്ച സംഗീത സംവിധായകരിൽ ഒരാളാണ് കണ്ണൂർ രാജൻ.

'പാറ'എന്ന ചിത്രത്തിന്റെ ടൈറ്റിൽ സോംഗായ 'അരുവികൾ ഓളം തല്ലും താഴ്വരയിൽ...' എന്ന ഗാനം കണ്ണൂർ രാജന്റെ സംഗീതത്തിൽ പാടീയിരിക്കുന്ന്ത് ദക്ഷിണേന്ത്യയിലെ പ്രശസ്ത സംഗീത സംഗീത സംവിധായകൻ ഇളയരാജയാൺഭ.

തന്റെ അൻപത്തെട്ടാം വയസിൽ 1995 ഏപ്രിൽ 7ന് ചെന്നൈയിൽ 'കൊക്കരക്കോ' എന്ന ചിത്രത്തിന് സംഗീത സംവിധാനം നിർവഹിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഹൃദയസ്തംഭനത്തെ തുടർന്ന് കണ്ണൂർ രാജൻ അന്തരിച്ചു.

ഭാര്യ, മൂന്ന് മക്കൾ. പ്രമുഖ സംഗീതസംവിധായകനും ഗായകനുമായ ശരത്തിന്റെ ഭാര്യാ പിതാവു കൂടിയാണൂ രാജൻ.

# എൻസിഡിഎഫ്ഐ ബോർഡ് അംഗമായി വീണ്ടും മിൽമ ചെയർമാൻ

തിരുവനന്തപുരം: നാഷണൽ കോഓപ്പറേറ്റീവ് ഡയറി ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (എൻസിഡിഎഫ്ഐ) ബോർഡ് അംഗമായി മിൽമ ചെയർമാൻ കെ.എസ് മണി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. തുടർച്ചയായ രണ്ടാം തവണയാണ് കെ.എസ് മണി ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്.

ഗുജറാത്തിലെ ആനന്ദ് ആസ്ഥാനമായുള്ള രാജ്യത്തെ ക്ഷീര സഹകരണ ഫെഡറേഷനുകളുടെ അപെക്സ് സംഘടനയാണ് എൻസിഡിഎഫ്ഐ. വ്യാഴാഴ്ച ആനന്ദിൽ എൻസിഡിഎഫ്ഐ ആസ്ഥാനത്ത് വെച്ച് റിട്ടേണിംഗ് ഓഫീസർ എട്ടംഗ ഭരണസമിതി അംഗങ്ങളുടെ ഫലം പ്രഖ്യാപിച്ചു. നിലവിൽ നാഷണൽ ഡയറി ഡെവലപ്മെൻറ് ബോർഡ് (എൻഡിഡിബി) ചെയർമാനായ ഡോ. മിനേഷ് ഷായെ എൻസിഡിഎഫ്ഐ ചെയർമാനായി തെരഞ്ഞെടുത്തു.ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ഏകോപിക്കുകയും നിയന്ത്രിക്കുകയും ചെയ്യുകയാണ് ഡോ. വർഗീസ് കുര്യൻ സ്ഥാപക ചെയർമാനായ എൻസിഡിഎഫ്ഐയുടെ പ്രാഥമിക ലക്ഷ്യം. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ക്ഷീര സഹകരണ ഫെഡറേഷനുകൾ എൻസിഡിഎഫ്ഐയിൽ അംഗങ്ങളാണ്.

കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ (മിൽമ) ചെയർമാനായി 2021 ജൂലൈയിലാണ് കെഎസ് മണി തെരഞ്ഞെടുക്കപ്പെട്ടത്. മിൽമ മലബാർ യൂണിയൻ ചെയർമാൻ സ്ഥാനവും അദ്ദേഹം വഹിക്കുന്നു. കോവിഡ് പ്രതിസന്ധിയിക്കിടയിൽ നഷ്ടം വരാതെ മിൽമയെ നേട്ടത്തിലേക്കു നയിച്ച പ്രവർത്തനമികവിനു പിന്നിൽ കെ.എസ് മണിയുടെ ബിസിനസ് രംഗത്തെ ദീർഘകാല പരിചയവും മാനേജ്മെൻറ് പാടവവുമുണ്ട്. പാൽ സംഭരണത്തിനും വിതരണത്തിനും പുറമേ മറ്റ് മൂല്യവർധിത ഉത്പന്നങ്ങളിലൂടെ മിൽമയുടെ സാന്നിധ്യം ഉപഭോക്താക്കളിൽ സജീവമായി നിലനിർത്തുന്നതിനു പിന്നിലും അദ്ദേഹത്തിൻറെ പ്രവർത്തനമികവും ആശയങ്ങളുമാണ്. കെഎസ് മണിയുടെ നേതൃത്വത്തിലുള്ള റീപൊസിഷനിംഗ് മിൽമ എന്ന പുതിയ പദ്ധതിയിലൂടെ ഉപഭോക്താക്കളുടെ അഭിരുചി തിരിച്ചറിഞ്ഞ് വിപണി വിപുലീകരിച്ചതും നൂതന മാറ്റങ്ങൾ വരുത്തിയതും വിൽപ്പനയിൽ മിൽമയ്ക്ക് ഗുണം ചെയ്തു.

മൂന്ന് പതിറ്റാണ്ടിലെറെയായി ക്ഷീര സഹകരണ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കെഎസ് മണി 1989 മുതൽ പാലക്കാട് എണ്ണപ്പാടം ക്ഷീര സഹകരണ സംഘത്തിൻറെ പ്രസിഡൻറ് ആണ്. 2003 മുതൽ 2008 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ നിന്നും മലബാർ മിൽമയുടെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.മധുര കാമരാജ് സർവകലാശാലയിൽ നിന്നും കോമേഴ്സിൽ ബിരുദാനന്തര ബിരുദം നേടിയ കെഎസ് മണി കേന്ദ്ര കോമേഴ്സ് മന്ത്രാലയത്തിൻറെ മേൽനോട്ടത്തിലുള്ള എൻജിനീയറിംഗ് എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ദക്ഷിണമേഖല ചെയർമാൻ, ഓൾ ഇന്ത്യ മാനേജ്മെൻറ് അസോസിയേഷൻ (എഐഎംഎ) ദേശീയ കൗൺസിൽ അംഗം, കാലിക്കറ്റ് സർവകലാശാല സെനറ്റ് അംഗം, പാലക്കാട് മാനേജ്മെൻറ് അസോസിയേഷൻ പ്രസിഡൻറ്, റോട്ടറി ക്ലബ്ബ് പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.എൻജിനീയറിംഗ് ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കായി 2010, 2016 വർഷങ്ങളിൽ ദേശീയ തലത്തിൽ എൻജിനീയറിംഗ് എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിൻറെ സ്റ്റാർ പെർഫോർമർ അവാർഡ്, 2013 ൽ ഇഇപിസിയുടെ ദക്ഷിണ മേഖല അവാർഡ് എന്നിവ നേടി.

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഐഎസ്പിഎസ് കോഡ് ലഭിച്ചു

വിഴിഞ്ഞം: പണി പൂർത്തിയായി വരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഐഎസ്പിഎസ് കോഡ് എന്ന ആദ്യ കടമ്പ കടന്നു. ഇനി ഏതു തരം ചരക്കുകപ്പലുകളെയും വാർഫിൽ അടുപ്പിക്കാം. എന്നാൽ വരുന്ന സെപ് റ്റം 25 നുള്ളിൽ ചുറ്റുമതിൽ ഉൾപ്പെ ടെ ആവശ്യമായ വ്യവസ്ഥകൾ പ്രാവർത്തികമാക്കിയാലേ കോഡ് സ്ഥിരമായി നിലനിർത്താനാകൂ.

കൂടാതെ പാസഞ്ചർ ഷിപ്പ്, പാസഞ്ചർ ഹൈ സ്പീഡ് ക്രാഫ്റ്റ്, ഓയിൽ ടാങ്കർ, കെമിക്കൽ ടാങ്കർ, ഗ്യാസ് കാരിയർ, മൊബൈൽ ഓഫ് ഷോർ ഡ്രില്ലിംഗ് യൂണിറ്റ് എന്നിങ്ങനെയുള്ള വമ്പൻ കപ്പലുകൾ അടുക്കണമെങ്കിൽ ഐസിപി പോലുള്ള അംഗീകാരങ്ങൾ ഇനിയും നേടിയെടുക്കണം. അതിനുള്ള ശ്രമങ്ങൾ അധികൃതർ ഉടൻ ആരംഭിക്കുമെന്നും അറിയുന്നു.

ഇൻറർനാഷണൽ ഷിപ്പിംഗ് ആൻഡ് പോർട്ട് സെക്യൂരിറ്റി കോഡ് (ഐഎസ് പി എസ്) അംഗീകാരം നേടുന്ന വിഴിഞ്ഞത്തെ രണ്ടാമത്തെ തുറമുഖമാണിത്. എല്ലാത്തരം സുരക്ഷാ കോഡുകളും കരസ്ഥമാക്കി വമ്പൻ കപ്പലുകളുടെ വരവും കാത്തിരിക്കുകയാണ് സർക്കാരിൻറെ വിഴിഞ്ഞത്തെ തുറമുഖം.

ഐക്യരാഷ്ട്ര സഭക്ക് കീഴിലെ ഇൻറർനാഷണൽ മാരിടൈം ഓർഗനൈസേഷനാണ് ഐഎസ് പിഎസ് അനുമതി നൽകുന്നത്. അന്താരാഷ്ട്ര കപ്പലുകൾക്ക് സർവീസ് നടത്താൻ ഈ അനുമതി ആവശ്യവുമാണ്. ഹൈ സ്പീഡ് കാർഗോ, ബൾക്ക് ക്യാരിയർ, മറ്റ് കാർഗോ ഷിപ്പുകൾ എന്നിവക്കാണ് നിലവിൽ അനുമതി.

കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയമാണ് ഐഎസ്പിഎസ് കോഡ് അനുവദിച്ച വിവരം ഔദ്യോഗികമായി കഴിഞ്ഞ ദിവസംഅറിയിച്ചത്. 2001 സെപ്റ്റംബർ 11ലെ ഭീകരാക്രമണത്തിനുശേഷം കപ്പൽ ഗതാഗതത്തിൽ സമാനമായ സംഭവങ്ങൾ ഉണ്ടാകാനുള്ള സാധ്യത വർധിച്ചതിനെ തുടർന്നാണ് ഈ കോഡ് വികസിപ്പിച്ചെടുത്തത്.

ലോകമെമ്പാടുമുള്ള എല്ലാ രാജ്യങ്ങളും ഐഎസ്പിഎസ് കോഡ് പാലിക്കുന്നുണ്ട്. കടൽ ഗതാഗതം കൂടുതൽ സുരക്ഷിതമാക്കുന്നതിനും ഭീകരാക്രമണങ്ങളുടെ സാധ്യത കുറയ്ക്കുന്നതിനും ഇത് സഹായിക്കും. ഈ അംഗീകാരം ലഭിക്കുന്നതിനായി കർശനമായ സുരക്ഷാ ക്രമീകരണങ്ങളാണ് തുറമുഖങ്ങളിൽ നടപ്പിലാക്കുന്നത്. കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾക്കും കോഡിൻറെ സ്ഥിരാംഗീകാരം ലഭിച്ചിട്ടുണ്ട്.

# പോത്തു വ്യാപാരികളെ പറ്റിച്ചു പണം തട്ടിയ കേസ്: പ്രതി അറസ്റ്റിൽ

നെടുമങ്ങാട്: തട്ടിപ്പ് കേസിലെ പ്രതി പിടിയിലായി. വെമ്പായം നെടുവേലി കൊഞ്ചിറ കമുകിൻ കുഴി വീട്ടിൽ ജയൻ(54) ആണ് നെടുമങ്ങാട് പോലീസിൻറെ പിടിയിലായത്.

മലപ്പുറത്ത് നിന്നും പോത്ത് വ്യാപാരികളോട് പോത്ത് ആവശ്യമാണെന്ന് കാണിച്ച് വിളിച്ചു വരുത്തുകയും തുടർന്ന് ലക്ഷങ്ങൾ വില വരുന്ന പോത്തുകൾക്കായി ചെറിയ തുക അഡ്വാൻസായി നൽകിയശേഷം വ്യാപാരികളെ തന്ത്രപൂർവം വെഞ്ഞാറമൂട് ഉള്ള ഹോട്ടലിൽ മുറിയെടുത്ത് നൽകി മാറ്റി.

ശേഷം പോത്തുകളെ നെടുമങ്ങാട് ഉള്ള ചെറുകിട കച്ചവടക്കാർക്ക് മറിച്ച് വിറ്റു. പോത്തുക്കളെ വിറ്റ പണം മലപ്പുറത്തെ വ്യാപാരികൾക്ക് നൽകാതെ ഒളിവിൽ പോയിരിക്കുകയായിരുന്നു പ്രതി.

മംഗലപുരം വഞ്ചിയൂർ, ഫോർട്ട് പോലീസ് സ്റ്റേഷൻ തിരുവനന്തപുരം റെയിൽവേ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും സമാനമായ കേസുകളിൽ പ്രതിയാണ് ജയനെന്നു പോലീസ് പറഞ്ഞു. അന്യ ജില്ലകളിൽ നിന്നുള്ള വ്യാപാരികളെ സ്ഥിരമായി പറ്റിക്കുന്നതാണ് ഇയാളുടെ രീതി.

ദൂരസ്ഥലങ്ങളിൽ നിന്നുള്ളവരാണ് കബളിപ്പിക്കപ്പെടുന്നതിൽ അധികവും. ഇത്തരം തട്ടിപ്പിന് പിന്നിൽ വൻ സംഘം തന്നെയുണ്ട് എന്നാണ് പ്രാഥമികമായി ലഭിച്ച വിവരം. ഇയാൾക്കൊപ്പം സഹായികളായി ഉണ്ടായിരുന്നവരെ കുറിച്ചും അന്വേഷണം തുടർന്ന് വരികയാണ്.

# കോട്ടൺഹില്ലിലെ ഇടിക്കൂട്ടുകാർക്ക് ഇനി ലോകചാമ്പ്യൻറെ കോച്ചിംഗ്

തിരുവനന്തപുരം: കോട്ടൺഹിൽ സ്കൂളിൽ ബോക്സിംഗിൽ താത്പര്യമുള്ള കുട്ടികൾക്ക് ആഴ്ചയിൽ ഒരിക്കൽ പരിശീലനം നൽകാൻ തയാറാണെന്ന് ലോക ബോക്സിംഗ് ചാമ്പ്യനും ധ്യാൻ ചന്ദ് അവാർഡ് ജേതാവുമായ കെ. സി. ലേഖ.

സ്കൂളിൽ സംഘടിപ്പിച്ച സമ്മർചിൽ ഫെസ്റ്റിൽ അതിഥിയായി എത്തിയ ലേഖയെ കുട്ടികൾ ആർപ്പുവിളികളോടെയാണ് എതിരേറ്റത്. വലിയ സ്വപ്നങ്ങൾ കഠിനപ്രയത്നത്തിലൂടെ സാക്ഷാത്കരിക്കാൻ കുട്ടികൾ ശ്രമിക്കണമെന്ന് ലേഖ പറഞ്ഞു.

സ്പോർട്സിൽ പരിശീലനം നേടാൻ സാഹചര്യമില്ലാതിരുന്ന കൂട്ടുകാരിക്ക് തുണയായി പോയ താൻ സ്കൂളിൽ നടന്ന എട്ടുദിവസത്തെ ക്യാമ്പിലൂടെയാണ് ബോക്സിംഗിലേക്ക് എത്തിയത്. കഠിനപരിശ്രമത്തിലൂടെ തുടർച്ചയായ ആറുവർഷം ദേശീയ ചാമ്പ്യനാകാനും 2006 ൽ ലോകചാമ്പ്യനാകാനും സാധിച്ചു.

പരിശീലനത്തിനിടെ ഒടിഞ്ഞ കൈകളിൽ സ്റ്റീൽഇട്ട് 14 സ്ക്രൂ ഇട്ട് മുറുക്കേണ്ടി വന്നപ്പോഴും പ്രയത്നം തുടർന്നു. ആ അവസ്ഥയും അതിജീവിച്ച് ഇന്ത്യയ്ക്കു വേണ്ടി മെഡൽ നേടിയ അനുഭവം ലേഖ വിവരിച്ചത് കുട്ടികൾക്കും വിസ്മയമായി.

# സ്ത്രീകളെ ആക്രമിച്ചു മാല കവരുന്ന നാലംഗസംഘം പിടിയിൽ

പേരൂർക്കട: സംസ്ഥാനത്തെ അഞ്ചു ജില്ലകളിലായി നിരവധി മോഷണങ്ങൾ നടത്തിവന്ന നാലംഗസംഘത്തെ കരമന പോലീസ് പിടികൂടി. ചിറ്റാറ്റുമുക്ക് ഗിരിജ ഭവനിൽ ചക്കു എന്നുവിളിക്കുന്ന രജിത്ത് (32), കടയ്ക്കാവൂർ വയത്തിട്ട വീട്ടിൽ അബിൻ (24), മേനംകുളം പുല്ലാട്ടുകരി സോമസൂര്യയിൽ അച്ചു എന്നുവിളിക്കുന്ന അനന്തൻ (24), കോട്ടയം കാഞ്ഞിരപ്പള്ളി മണിമലയിൽ വിമൽ (25) എന്നിവരാണ് പിടിയിലായത്.

നിരവധി ബൈക്ക് മോഷണക്കേസുകളും സ്വർണ മാല കവർച്ചകളും പ്രതികൾക്കെതിരേയുണ്ട്. കരമന കിള്ളിപ്പാലം ബണ്ട് റോഡിൽ സ്കൂട്ടർ ഓടിച്ചു പോയ സ്ത്രീയുടെ അഞ്ചുപവൻ വരുന്ന സ്വർണ മാല കട്ടയ്ക്കൽ ജംഗ്ഷനു സമീപത്തുവച്ച് കവർന്നതുമായി ബന്ധപ്പെട്ട് നടന്ന അന്വേഷണത്തിലാണ് സംഘം പിടിയിലായത്.

കടയ്ക്കാവൂർ സ്റ്റേഷൻ പരിധിയിൽ സ്കൂട്ടറിൽ സഞ്ചരിച്ച 48കാരിയുടെ ആറുപവൻ സ്വർണമാല കവർന്നത് അറസ്റ്റിലായ സംഘമാണെന്നു തെളിഞ്ഞിട്ടുണ്ട്. ഇവരിൽനിന്നു നിരവധി മാരകായുധങ്ങളും കണ്ടെത്തി. മാലമോഷണത്തിന് പ്രതികൾ ഉപയോഗിച്ചുവന്ന ബൈക്കുകളും മോഷണ വസ്തുക്കളാണെന്നു പോലീസ് പറഞ്ഞു.

ഇവർക്കെതിരേ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽ സമാനമായ നിരവധി കേസുകളുണ്ട്. തിരുവനന്തപുരം ജില്ലയിൽ കരമന, തമ്പാനൂർ, പൊഴിയൂർ, കഠിനംകുളം, പേരൂർക്കട എന്നിവിടങ്ങളിൽ മാല മോഷണക്കേസുകൾ നിരവധിയുണ്ട്. തിരുവനന്തപുരം മെഡിക്കൽകോളജ് പരിസരത്തുനിന്നും കോട്ടയം ഏറ്റുമാനൂർ ഭാഗത്തുനിന്നുമായാണ് നാൽവർ സംഘത്തെ പിടികൂടിയത്.

കരമന സിഐ വിനോദ്, എസ്ഐമാരായ ശ്രീജിത്ത്, രാജേഷ്, സിപിഒ ഹരീഷ്, സിറ്റി ഷാഡോ ടീം എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# കൊലപാതക ശ്രമം: പ്രതിക്ക് ആറു വർഷം തടവും 50, 000 രൂപ പിഴയും

തിരുവനന്തപുരം: കൊലപാതകശ്രമ കേസിലെ പ്രതിക്ക് ആറുവർഷം തടവും 50, 000 രൂപ പിഴയും ശിക്ഷ വിധിച്ചു. കടകംപള്ളി ശംഖുംമുഖം ബാലനഗർ കോളനിയിൽ പുതുവൽപുത്തൻ വീട്ടിൽ ഉമിക്കരി മുരുകൻ എന്ന മുരുകനെയാണ് തിരുവനന്തപുരം അഞ്ചാം അഡീഷണൽ സെഷൻസ് കോടതി ജഡ്ജി സിജു ഷെയ്ഖ് ശിക്ഷിച്ചത്.

പിഴ അടച്ചില്ലെങ്കിൽ 10 മാസം കൂടി അധിക തടവ് അനുഭവിക്കണം. 2014 നവംബർ 17 നായിരുന്നു കേസിനാസ്പദമായ സംഭവം. ഓട്ടോറിക്ഷ ഡ്രൈവറായ തിരുവനന്തപുരം പള്ളിത്തുറ സ്റ്റേഷൻ കടവ് സ്വദേശിയായ സലീം സവാരി പോകാൻ തയാറാകാത്തതിൻറെ പേരിൽ നെഞ്ചിലും വയറിലും കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചു എന്നാണു കേസ്. പ്രോസിക്യൂഷനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ബി. എസ്. രാജേഷ് അഡ്വ. എ. എസ്. ബിറ്റോ എന്നിവർ ഹാജരായി.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി) 10ാം ക്ലാസ് പരീക്ഷ കഴിഞ്ഞ വിദ്യാർഥികൾക്കായി നിർമിത ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ കോഴ്സുകളാരംഭിക്കുന്നു. "ABC's of AI" എന്ന പേരിൽ നടത്തുന്ന അഞ്ച് ദിവസത്തെ ഓൺലൈൻ കോഴ്സിൽ പങ്കെടുക്കുന്നതിന് https://ihrd.ac.in/index.php/ai-itnro1 എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ഏപ്രിൽ 15 മുതൽ 19 വരെയാണ് ഓൺലൈൻ കോഴ്സ്. ഫീസ് 250 രൂപ.

# സ്പോർട്സ് അക്കാദമി പ്രവേശനം

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാഡമികളിലേക്ക് 202425 വർഷത്തേക്ക് 7,8 ക്ലാസുകളിലേക്കും പ്ലസ് വൺ, കോളേജ് ഡിഗ്രി ഒന്നാം വർഷത്തേക്കും അണ്ടർ14 വിമൺ ഫുട്ബോൾ അക്കാഡമിയിലേക്കും കായികതാരങ്ങളെ തിരഞ്ഞെടുക്കുന്നതിനായി സോണൽതല സെലക്ഷൻ 2024 ഏപ്രിൽ 16 മുതൽ 30 വരെ നടത്തും.

അത്ലറ്റിക്സ്, ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ എന്നീ ഇനങ്ങളിൽ ജില്ലാ സെലക്ഷനിൽ പങ്കെടുത്ത് യോഗ്യത നേടിയവർക്ക് മാത്രമേ സോണൽ സെലക്ഷനിൽ പങ്കെടുക്കാൻ കഴിയൂ. തയ്കോണ്ടോ, ജൂഡോ, സ്വിമ്മിങ്ങ്, ഖോ ഖോ, കബഡി, സൈക്ലിംഗ്, ഫെൻസിങ്ങ്, ബോക്സിങ്ങ്, ആർച്ചറി, റസ്ലിങ്, നെറ്റ് ബോൾ, ഹോക്കി, ഹാൻഡ്ബോൾ, (സോഫ്റ്റ്ബോൾ കോളേജ് മാത്രം), (വെയ്റ്റ്ലിഫ്റ്റിംഗ് കോളേജ് മാത്രം) എന്നീ കായികയിനങ്ങളിലേക്ക് നേരിട്ട് സോണൽ സെലക്ഷന് പങ്കെടുക്കാം. കനോയിങ്ങ് & കയാക്കിങ്ങ്, റോവിങ്ങ് കായികയിനങ്ങളിൽ ആലപ്പുഴ ജില്ലയിൽ വച്ചാണ് സെലക്ഷൻ നടത്തുന്നത്.

സെലക്ഷനിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ www.sportscouncil.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം.

കൂടുതൽ വിവരങ്ങൾക്ക് ചുവടെ പറഞ്ഞിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടണം.

കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിൽ 0497 2700485

കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ 0495 2722593

തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ 0487 2332099

കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ 0481 2563825

തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിൽ 0471 2331720.

# ബൂത്ത് ലെവൽ ഓഫീസർമാർക്ക് രണ്ട് ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ചു

ലോക്സഭ തിരഞ്ഞടുപ്പിനുള്ള വോട്ടേഴ്സ് ഇൻഫർമേഷൻ സ്ലിപ്പ് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരായ ബൂത്ത് ലെവൽ ഓഫീസർമാർക്ക് രണ്ട് ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിച്ച് സർക്കാർ ഉത്തരവിട്ടു. ഏപ്രിൽ എട്ട് മുതൽ 20 വരെയുള്ള പ്രവർത്തിദിനങ്ങളിൽ ഏതെങ്കിലും രണ്ടു ദിവസത്തേക്കാണ് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവികൾ ഡ്യൂട്ടി ലീവ് അനുവദിക്കേണ്ടത്.

തിരഞ്ഞെടുപ്പ് തീയതിയായ ഏപ്രിൽ 26 ന് അഞ്ചു ദിവസം മുൻപാണ് വോട്ടർമാർക്ക് ബൂത്ത് ലെവൽ ഓഫീസർമാർ വോട്ടേഴ്സ് ഇൻഫർമേഷൻ സ്ലിപ്പ് വിതരണം ചെയ്യേണ്ടത്. ഈ സ്ലിപ് വോട്ടറോ കുടുംബാംഗമോ കൈപ്പറ്റിയെന്നുള്ള രേഖ ശേഖരിച്ച് തിരഞ്ഞെടുപ്പ് ദിവസത്തിനു മൂന്ന് ദിവസം മുൻപ് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരെ ബൂത്ത് ലെവൽ ഓഫീസർമാർ ഏൽപ്പിക്കേണ്ടതുമുണ്ട്.

# ആയുർവേദ മരുന്നുകൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തി

സംസ്ഥാന ഡ്രഗ്സ് കൺട്രോളർ വകുപ്പിലെ മരുന്ന് പരിശോധനാ ലബോറട്ടറികളിൽ നടത്തിയ ഗുണനിലവാര പരിശോധനകളിൽ രാജസ്ഥാനിലെ രാജസ്ഥാൻ ഹെർബൽ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വിവിധ ബാച്ചുകളിലെ ആയുർവേദ മരുന്നുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തി. ഈ ഔഷധങ്ങളുടെ വിതരണവും വിൽപ്പനയും നടത്തരുതെന്ന് ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം അറിയിച്ചു. മരുന്നുകളുടെ സ്റ്റോക്ക് കൈവശമുള്ള വ്യാപാരികളും ആശുപത്രികളും തിരികെ വിതരണക്കാരന് നൽകി വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ അറിയിക്കണം. മരുന്നുകളുടെ പേരും ബാച്ച് നമ്പറും ചുവടെ: Pain Niwaran Churna (PNF21057), Dr.Relaxi Capsule (DRG21019), Pain Niwaran Churna (PNK21089), Mood on Forever (MCE21003), Dr.Relaxi Capsule (DRK21030), Dr.Relaxi Oil (DOD21004), Dama Buti Churna (DBH21017), Asthalex Capsule (ALK21004).

# ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലീഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2023 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ ഗുണഭോക്താക്കളും 2024 ഏപ്രിൽ 30 ന് മുമ്പായി (ക്ഷേമനിധി ഐഡി കാർഡ് സഹിതം) തിരുവനന്തപുരം ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരാകുകയോ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

# കെൽട്രോണിൽ അവധിക്കാല കോഴ്സുകൾ

പാളയം സ്പെൻസർ ജംഗ്ഷനിലുള്ള കെൽട്രോൺ നോളഡ്ജ് സെന്ററിൽ അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകളിൽ പ്രവേശനം ആരംഭിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പ്രോഗ്രാമിങ്, ആനിമേഷൻ, വെബ് ഡിസൈനിങ്, ഡാറ്റാ എൻട്രി, കമ്പ്യൂട്ടർ ഹാർഡ്‌വെയർ തുടങ്ങിയ കോഴ്സുകളിലാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക്: 0471 2337450, 8590605271.

# ബാച്ചിലർ ഓഫ് ഡിസൈൻ (B.Des) പ്രവേശനം

സംസ്ഥാനത്തിലെ സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 202425 അദ്ധ്യയന വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ (B.Des) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ കേരള ഹയർ സെക്കൻഡറി ബോർഡിൻറെ പ്ലസ് ടു യോഗ്യതാപരീക്ഷയിലോ, തത്തുല്യം എന്ന് അംഗീകരിക്കപ്പെട്ട മറ്റു ഏതെങ്കിലും യോഗ്യതാപരീക്ഷയിലോ 45% മാർക്കോടെ പാസ്സായിരിക്കണം.

സംവരണ വിഭാഗക്കാർ ആകെ 40% മാർക്ക് നേടിയിരിക്കണം. എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ B.Des കോഴ്സിന് ചേരാൻ അർഹതയുണ്ടാവുകയുള്ളൂ.

തിരഞ്ഞെടുക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ വെച്ച് പ്രവേശന പരീക്ഷ നടത്തും. പരീക്ഷ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് ലഭിക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ കോഴ്സിലേക്കുള്ള പ്രവേശനം. www.lbscetnre.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈനായി ഏപ്രിൽ 30 വരെ അപേക്ഷാ ഫീസ് അടയ്ക്കാം.

ഓൺലൈൻ അപേക്ഷ സമർപ്പണം 2024 മെയ് 1 വരെ. പൊതുവിഭാഗത്തിന് 1200 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 600 രൂപയുമാണ് അപേക്ഷാ ഫീസ്. വ്യക്തിഗത വിവരങ്ങൾ മേൽപ്പടി വെബ്സൈറ്റിൽ കൂടി ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് കേരളത്തിലെ ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാ ഫീസ് അടയ്ക്കാം.

ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 04712324396, 2560327.

# ജെ.ഡി.സി കോഴ്സ്: അപേക്ഷാ തീയതി നീട്ടി

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള വിവിധ സഹകരണ പരിശീലന കേന്ദ്രം/കോളജുകളിൽ, സഹകരണ സ്ഥാപനങ്ങളിൽ തൊഴിൽ നേടുന്നതിനായുള്ള അടിസ്ഥാന യോഗ്യതയായ ജൂനിയർ ഡിപ്ലോമഇൻകോഓപ്പറേഷൻ (ജെ.ഡി.സി) 202425 വർഷത്തെ കോഴ്സിലേക്കായി ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 15 വരെ നീട്ടി. കൂടുതൽ വിവരങ്ങൾക്ക്: www.scu.kerala.gov.in.

# മോദിക്കും കൂട്ടർക്കും ഇനി സ്ഥാനം പ്രതിപക്ഷത്ത്: എൻ. ശക്തൻ

നേമം: നരേന്ദ്ര മോദിക്കും കൂട്ടർക്കും ഇനി പ്രതിപക്ഷത്തായിരിക്കും സ്ഥാനമെന്ന് കെപിസിസി വൈസ് പ്രസിഡൻറ് എൻ. ശക്തൻ. ശശിതരൂരിൻറെ തെരഞ്ഞെടുപ്പ് പ്രചരണാർഥം നേമം നിയോജകമണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് കരമനയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

തരൂർ വിജയിച്ചാൽ ഇന്ത്യാ മുന്നണി നേതൃത്വം കൊടുക്കുന്ന കേന്ദ്ര മന്ത്രിസഭയിലെ ആദ്യത്തെ അഞ്ച് പേരിൽ ഒരാളായിരിക്കും തരൂർഎന്ന് അദ്ദേഹം സൂചിപ്പിച്ചു. യുഡിഎഫ് നേമം മണ്ഡലം ചെയർമാൻ കമ്പറ നാരായണൻ അധ്യക്ഷത വഹിച്ചു.

അനിൽ ബോസ് ഡോ. ജി. വി. ഹരി, മുടവൻമുകൾ രവി, കൈമനം പ്രഭാകരൻ കരുമം സുന്ദരേശൻ, വി. എസ്. ഹരിന്ദ്രനാഥ്, കെ. വിശ്വനാഥൻ പനത്തുറ പുരുഷോത്തമൻ പ്രേംജി കൊഞ്ചിറവിള വിനോദ്. കെ. പി. അജിത് ലാൽ, തിരുവല്ലം പ്രസാദ് എന്നിവർ പങ്കെടുത്തു.

# വിവരാവകാശ നിയമം 2005 ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് രജിസ്ട്രേഷൻ

വിവരാവകാശ നിയമത്തെക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇൻ മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) സംഘടിപ്പിക്കുന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിന് rti.img.kerala.gov.in വഴി ഏപ്രിൽ 13 രജിസ്റ്റർ ചെയ്യാം.

# പെരിങ്ങമ്മല പഞ്ചായത്തിലെ തെരഞ്ഞെടുപ്പിൽ തർക്കം: വൈസ് പ്രസിഡൻറ് തെരഞ്ഞെടുപ്പ് ഇന്ന്

പാലോട്: പെരിങ്ങമ്മല പഞ്ചായത്തിൽ വൈസ് പ്രസിഡൻറായിരുന്ന ബി. വസന്ത രാജി വച്ച ഒഴിവിലേക്ക് കഴിഞ്ഞ ദിവസം നടത്താനിരുന്ന വൈസ് പ്രസിഡൻറ് തെരഞ്ഞെടുപ്പ് തർക്കത്തെ തുടർന്ന് ഇന്നത്തേക്ക് മാറ്റിവച്ചു. യുഡിഎഫിലെ മുസ്ലീം ലീഗിൽ നിന്നും സ്വതന്ത്രയായി മത്സരിച്ചു വിജയിച്ച നസീമ ഇല്യാസാണ് വൈസ് പ്രസിഡൻറ് സ്ഥാനാർഥി.

സിപിഎം സ്ഥാനാർഥിയെ പ്രഖ്യാപിച്ചിട്ടില്ല. വസന്തയും മുസ്ലീം ലീഗ് ചിഹ്നത്തിൽ സ്ഥാനാർഥിയായി ജയിച്ചയാളാണ്. നാടകീയ രംഗങ്ങളാണ് കഴിഞ്ഞ ദിവസം പെരിങ്ങമ്മല പഞ്ചായത്തിൽ നടന്നത്. വോട്ടെടുപ്പിൽ നിന്നും വിട്ടു നിൽക്കണമെന്ന് വസന്തയുടെ കുടുംബവും സിപിഎം, ആദിവാസി ക്ഷേമസമിതി പ്രവർത്തകരും ആവശ്യപ്പെട്ടതാണ് തർക്കത്തിന് കാരണമായത്. ഇതേ തുടർന്ന് ലീഗ് നേതൃത്വം വസന്തയുടെ കുടുംബവുമായി വാക്കേറ്റമുണ്ടാവുകയും പോലീസ് ഇടപെട്ട് സ്ഥിതി ശാന്തമാകുകയും ചെയ്തു.

എന്നാൽ ക്വാറം തികയാത്തതിനാൽ തെരഞ്ഞെടുപ്പ് ഇന്നത്തേക്ക് മാറ്റിയതായി വരണാധികാരി അറിയിക്കുകയും ചെയ്തതോടെയാണ് സ്ഥിതിഗതികൾ ശാന്തമായത്. കഴിഞ്ഞ ദിവസം വസന്തയെ തട്ടികൊണ്ടു പോയി ഒളിവിൽ താമസിപ്പിച്ചു എന്ന് ബന്ധുക്കൾ പോലീസിനോട് പരാതിപെട്ടിരുന്നു.

എന്നാൽ തന്നെ ആരും തട്ടികൊണ്ടു പോയില്ലെന്നും തൻറെ ഇഷ്ടത്തോടെയാണ് മാറിനിന്നതെന്നും വസന്ത തന്നെ അറിയിച്ചതോടെ ആ വിഷയത്തിലെ വിവാദവും കെട്ടടങ്ങി. യുഡിഎഫ് ഭരണത്തിലിരുന്ന പഞ്ചായത്തിൽ കഴിഞ്ഞ മാസം പ്രസിഡൻറ് ഉൾപ്പെടെ രാജി വച്ച് സിപിഎമൽ ചേർന്നിരുന്നു. ഇതേ തുടർന്ന് യുഡിഎഫിന് ഭരണം നഷ്ടപ്പെട്ടിരുന്നു.

തുടർന്ന് നടന്ന പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ സിപിഎം സ്ഥാനാർഥിയായി മത്സരിച്ച കാർത്തിക പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

നിലവിൽ എൽഡിഎഫിന് ഏഴും യുഡിഎഫിന് എട്ടും ബിജെപിക്ക് ഒന്നുമാണ് കക്ഷി നില. ബിജെപി വിട്ടു നിന്നാൽ നിലവിലെ സാഹചര്യത്തിൽ നറുക്കെടുപ്പിനായിരിക്കും സാധ!്യത.

പട്ടികജാതി വിഭാഗത്തിന് പ്രസിഡൻറ് സ്ഥാനം സംവരണം ചെയ്തിട്ടുള്ള പഞ്ചായത്തിൽ യുഡിഎഫിന് ഭൂരിപക്ഷം ഉണ്ടായിട്ടും ഈ വിഭാഗത്തിലെ പ്രതിനിധി ഇല്ലാത്തതിനാൽ ഭരണം സിപിഎംന് ലഭിക്കുകയായിരുന്നു.

പാലോട് സ്റ്റേഷൻ ഓഫീസർ സുബിൻ തങ്കച്ചൻറെ നേതൃത്വത്തിൽ പോലീസ് സംഘം സ്ഥലത്തുണ്ടായിരുന്നതിനാൽ അനിഷ്ട സംഭവങ്ങൾ ഉണ്ടായില്ല.

# ചേലൂർ കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലം വിതരണം ചെയ്യണം: മനുഷ്യാവകാശ കമ്മീഷൻ

കൊല്ലം: മലിനജലം മാത്രം പമ്പ് ചെയ്യുന്ന ചേലൂർ കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലം വിതരണം ചെയ്യാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ജല അഥോറിറ്റി മാനേജിംഗ് ഡയറക്ടർക്കാണ് കമ്മീഷൻ അംഗം വി. കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്.

കേടുപാടുകളുള്ള പ്രഷർ ഫിൽറ്ററിന് അറ്റകുറ്റപണികൾ നടത്താനോ കേടായ ഫിൽറ്റർ മാറ്റി പുതിയ ഫിൽറ്റർ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്താനോ ജല അഥോറിറ്റി ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ലെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

ഇത്തരം ഉദ്യോഗസ്ഥർ പൊതുജനങ്ങളുടെ അവകാശത്തിന് മീതെ സാങ്കേതികമായ മുട്ടാപോക്കുകൾ കാട്ടി വെല്ലുവിളി നടത്തുകയാണെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. കുന്നത്തൂർ പഞ്ചായത്തിലെ ചേലൂർ പമ്പ് ഹൗസിൽ നിന്നും നിരന്തരം മലിനജലം വിതരണം ചെയ്യുന്നുവെന്ന പരാതിയിലാണ് കമ്മീഷൻ ഉത്തരവ്.

ജല അഥോറിറ്റി ശാസ്താംകോട്ട അസിസ്റ്റൻറ്എക്സിക്യൂട്ടിവ് എൻജിനീയറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. കുന്നത്തൂർ പഞ്ചായത്തിലെ ചേലൂർ കായലിൽ നിന്നും പമ്പ് ചെയ്യുന്ന വെള്ളം തുരുത്തിക്കരയിൽ സ്ഥാപിച്ചിരിക്കുന്ന സംഭരണിയിൽ ശേഖരിച്ച് അണുവിമുക്തമാക്കിയ ശേഷമാണ് വിതരണം ചെയ്യുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. ചേലൂർ കായലിലെ വെള്ളത്തിൽ വേനൽ കാലത്ത് കലക്കൽ കാണാറുണ്ട്.

നിലവിൽ ജലം ഫിൽറ്റർ ചെയ്യാൻ സ്ഥാപിച്ചിരിക്കുന്ന രണ്ട് പ്രഷർ ഫിൽറ്ററുകളും തകരാറിലാണ്. പുതിയ പ്രഷർ ഫിൽറ്റർ സ്ഥാപിക്കാൻ 18 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും യഥാസമയം കരാറുകാരെ കിട്ടാത്തതു കാരണം കാലതാമസമുണ്ടായി.

ചേലൂർ കിണറിനോടു ചേർന്നുള്ള ഇൻഫിൽറ്ററേഷൻ ഗാലറിയിൽ നിന്നും ബേബി വെല്ലിൽ നിന്നും ചെളി നീക്കം ചെയ്യാനും ഫിൽറ്റർ മീഡിയ മാറ്റി സ്ഥാപിക്കാനുമായി 57.80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. ഇത് പൂർത്തിയാകുന്നതോടെ നിലവിലുള്ള പരാതികൾ പരിഹരിക്കാനാവുമെന്നും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ ഫിൽട്ടറിംഗും ക്ലോറിനേഷനും കൂടാതെയാണ് ഇപ്പോഴും കുടിവെള്ളം വിതരണം ചെയ്യുന്നതെന്ന് പരാതിക്കാരനായ അഡ്വ. കെ. പി. അനിൽകുമാർ ആരോപിച്ചു. പ്രഷർ ഫിൽറ്റർ നന്നാക്കിയിട്ടില്ല.

സ്കൂൾ കുട്ടികൾ ഉൾപ്പെടെ ഉപയോഗിക്കുന്നത് മലിനജലമാണെന്നും പരാതിക്കാരൻ അറിയിച്ചു. ആരോപണങ്ങൾ ശരിയാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. പോരുവഴി, ശാസ്താംകോട്ട, പടിഞ്ഞാറെ കല്ലട ഗ്രാമ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങളിലും ചേലൂർ കുടിവെള്ള പദ്ധതിയിൽ നിന്നാണ് ജല വിതരണം നടത്തുന്നത്.

# രാഹുൽ ഗാന്ധിയെ വിമർശിക്കുന്ന സിപിഎം പ്രധാനമന്ത്രിയെ വിമർശിക്കുന്നില്ല: അഡ്വ. പി. ജർമിയാസ

രാമൻകുളങ്ങര: പൗരത്വ ഭേദഗതി നിയമത്തിനും മണിപ്പൂർ കലാപത്തിനും എതിരെ ശക്തമായ നിലപാടെടുത്ത രാഹുൽ ഗാന്ധിയെ വിമർശിക്കുന്ന സിപിഎം പ്രധാനമന്ത്രിയെ വിമർശിക്കുന്നില്ലെന്ന് കെപിസിസി സെക്രട്ടറി അഡ്വ. പി . ജർമിയാസ് പറഞ്ഞു. രാമൻകുളങ്ങരയിൽ യുഡിഎഫ് ശക്തികുളങ്ങര സൗത്ത് മണ്ഡലം ഇലക്ഷൻ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ജർമിയാസ്.

രാംലീല മൈതാനിയിൽ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളജന ലക്ഷങ്ങളെ അണിനിരത്തി പൗരത്വ ഭേദഗതി നിയമത്തിനെതിരെ മഹാപ്രക്ഷോഭമാണ് കോൺഗ്രസ് സംഘടിപ്പിച്ചത്.

ഉത്തർപ്രദേശിൽ പോലീസ് തടഞ്ഞിട്ടും രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും സിഎഎ വിരുദ്ധ സമരത്തിൽ കൊല്ലപ്പെട്ടവരുടെ വീടുകളിൽ എത്തി. ജാമിയ മിലിയ സർവകലാശാലയിലെയും ജെ എൻ യുവിലെയും വിദ്യാർഥികളെ തല്ലിച്ചതിൽ പ്രതിഷേധിച്ച് പ്രിയങ്ക ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യ ഗേറ്റിനു മുമ്പിൽ സമരം നടത്തി.

കേരളത്തിൽ യുഡിഎഫ് എംപിമാർ പൗരത്വ ഭേദഗതി നിയമത്തിനെതിരെ ലോങ്ങ് മാർച്ച് നടത്തി പ്രതിഷേധം സംഘടിപ്പിച്ചു. മണിപ്പൂർ കലാപബാധിത പ്രദേശത്ത് രാഹുൽഗാന്ധി രണ്ട് പ്രാവശ്യം എത്തി പ്രധാനമന്ത്രി സന്ദർശിച്ചില്ല. പ്രധാനമന്ത്രിയെ വിമർശിക്കുന്നതിന് പകരം രാഹുൽ ഗാന്ധിയെ വിമർശിക്കുന്ന സിപിഎം നിലപാട് വിരോധാഭാസം ആണെന്നും ജർമിയാസ് ചൂണ്ടിക്കാട്ടി.

യുഡിഎഫ് ശക്തികുളങ്ങര സൗത്ത് മണ്ഡലം ചെയർമാൻ രാമാനുജൻ പിള്ള അധ്യക്ഷത വഹിച്ചു. കൺവീനർ എസ്. രാജ് മോഹൻ, മേച്ചേഴത്ത് ഗിരീഷ്, ചവറ ഗോപകുമാർ, ഉണ്ണി മാവിലഴികം, ചെങ്കുള ശശി, അൽഫോൺസ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

# ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ ജനകീയ മുന്നേറ്റം അനിവാര്യം: മേയർ

കൊല്ലം: ലഹരിക്കതിരായുള്ള പോരാട്ടത്തിൽ ജനകീയ മുന്നേറ്റം അനിവാര്യമാണെന്ന് കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ് പറഞ്ഞു. ഡോൺബോസ്കോ ബ്രഡ്സ് ഡ്രീം പ്രോജക്റ്റിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ കാമ്പയിൻറെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് പ്രസംഗിക്കുകയായിരുന്നു മേയർ.

ഡ്രീം പ്രോജക്ട് ജില്ല ഡയറക്ടർ ഫാ. സ്റ്റെഫി ഫ്രാൻസിസ് എസ് ഡി ബി അധ്യക്ഷതവഹിച്ച ചടങ്ങിൽ കൊല്ലം സി ഡബ്ല്യു സി ചെയർമാൻ സനൽ വെള്ളിമൺ മുഖ്യാതിഥിയായി. ഡ്രീം പ്രോജക്ട് കോഡിനേറ്റർ ആതിര വിൽസൺ, കെ സി ബി സി മദ്യവിരുദ്ധ സമിതി കൊല്ലം രൂപത സെക്രട്ടറി എ. ജെ. ഡിക്രൂസ്, ഓട്ടോറിക്ഷ ഡ്രൈവേഴ്സ് അസോസിയേഷൻ സി ഐ ടി യു ഏരിയ സെക്രട്ടറി ദിലീപ്, ഈസ്റ്റ് മേഖല പ്രസിഡൻറ് കൊച്ചുണ്ണി, സെക്രട്ടറി വിനോദ് എന്നിവർ പ്രസംഗിച്ചു.

കാമ്പയിൻറെ ഭാഗമായി ഓട്ടോറിക്ഷകളിൽ ലഹരി വിരുദ്ധ പോസ്റ്ററുകൾ പതിച്ചു. കുട്ടികളിലെയും യുവാക്കളിലെയും ലഹരിയുടെ ഉപയോഗം തടയുന്നതിനായി ബോധവത്കരണവും, സൗജന്യ കൗൺസിലിംഗ്, ഡി അഡിക്ഷൻ സേവനങ്ങൾ നൽകിക്കൊണ്ട് പ്രവർത്തിച്ചുവരുന്ന ബാംഗ്ലൂർ ആസ്ഥാനമായ പ്രോജക്ട് ആണ് ഡ്രീം.

# തെരഞ്ഞെടുപ്പ് തയാറെടുപ്പ് വിലയിരുത്തി പൊതുനിരീക്ഷകൻ

കൊല്ലം: ലോക്സഭ തെരഞ്ഞെടുപ്പ് നിർവഹണത്തിൻറെ നടപടിക്രമങ്ങൾ വിലയിരുത്തി പൊതുനിരീക്ഷകൻ അരവിന്ദ് പാൽസിംഗ് സന്ധു. ചുമതലയേറ്റ ശേഷം തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ സ്ഥിതിഗതി വരണാധികരിയായ ജില്ലാ കളക്ടർ എൻ. ദേവിദാസിനോട് ചോദിച്ചറിഞ്ഞു.

ചേമ്പറിൽ നടത്തിയ കൂടിക്കാഴ്ചയിൽ ചട്ടപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജോലികൾ കുറ്റമറ്റരീതിയിൽ തുടരുന്നവെന്ന് നിരീക്ഷിച്ചു. തെരഞ്ഞെടുപ്പ്ജോലിക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥതല പരിശീലനത്തിൻറെ പുരോഗതി, ഇതര ക്രമീകരണങ്ങൾ എന്നിവയും പരിശോധിച്ചു. വരുംദിവസങ്ങളിൽ സുരക്ഷാസംവിധാനങ്ങൾ ഉൾപ്പടെയുള്ളവ നേരിട്ട്കണ്ട് ഉറപ്പാക്കും.

ചട്ടലംഘനങ്ങൾക്കെതിരെ നിയപ്രകാരമുള്ള നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കി. പൊതുജനത്തിന് നേരിട്ട് പരാതി നൽകാൻ അവസരമുണ്ടെന്നും അറിയിച്ചു. രാവിലെ ഒമ്പത് മുതൽ 10 വരെയാണ്പരാതി സമർപ്പിക്കുന്നതിനുള്ള സമയം. ചിന്നക്കട പൊതുമരാമത്ത് റസ്റ്റ് ഹൗസാണ് ക്യാമ്പ് ഓഫീസ്. ഫോൺ6282935772

# പ്രളയകാലത്തെ നായകൻ വീണ്ടും അറസ്റ്റിൽ; ഇത്തവണ സ്വർണം തട്ടിയെടുക്കൽ

മഞ്ചേരി: പ്രളയകാലത്ത് രക്ഷാപ്രവർത്തനം നടത്തി ശ്രദ്ധേയനായ പരപ്പനങ്ങാടി സ്വദേശി കെ. പി. ജൈസൽ വീണ്ടും അറസ്റ്റിൽ. കരിപ്പൂർ വിമാനത്താവളം കേന്ദ്രീകരിച്ച് നടന്ന സ്വർണം തട്ടിയെടുക്കൽ കേസിലാണ് അറസ്റ്റ്.

നേരത്തെ, താനൂർ തൂവൽ തീരം ബീച്ചിൽ യുവാവിനെയും ഒപ്പമുണ്ടായ യുവതിയേയും ഭീഷണിപ്പെടുത്തി പണം തട്ടിയെന്ന കേസിൽ ജൈസലിനെ അറസ്റ്റ് ചെയ്തിരുന്നു. ശേഷം, കൊല്ലത്തെ ഒരു കേസിൽ അറസ്റ്റിലായ ഇയാൾ തിരുവനന്തപുരത്ത് ജയിലിലാണ്.

മാർച്ച് 12നാണ് കരിപ്പൂർ വിമാനത്താവളം കേന്ദ്രീകരിച്ച് സ്വർണം തട്ടിയെടുക്കൽ നടന്നത്. സംഭവത്തിലെ എട്ടുപ്രതികളിൽ മൂന്നു പേർ പിടിയിലായിരുന്നു. ഇവരുടെ പക്കൽനിന്നും ലഭിച്ച വിവരം പ്രകാരമാണ് ജയിലിൽ നിന്ന് ജൈസലിനെ അറസ്റ്റ് ചെയ്തത്.

കരിപ്പൂരിലെത്തിച്ച ജൈസലിനെ തെളിവെടുപ്പ് പൂർത്തിയാക്കി മഞ്ചേരി കോടതിയിൽ ഹാജരാക്കി.

2018ലെ പ്രളയ കാലത്ത് സ്ത്രീകൾക്ക് തോണിയിൽ കയറാനായി മുട്ടോളം വെള്ളത്തിൽ സ്വയം കുനിഞ്ഞിരുന്ന് മുതുക് ചവിട്ടുപടിയാക്കി കൊടുത്താണ് ജൈസൽ ശ്രദ്ധനേടിയത്. ഈ പ്രവർത്തി നിമിത്തം സമൂഹത്തിൻറെ നാനാഭാഗത്തുനിന്നും അഭിനന്ദനവും പിന്നീട് വീടും കാറുമെല്ലാം ജൈസലിന് ലഭിക്കുകയുണ്ടായി.

# പരീക്ഷ മാറ്റിവെച്ചു

സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ 2024 ഏപ്രിൽ 11ന് നടത്താൻ നിശ്ചയിച്ചിരുന്ന (2022 സ്കീം, 2015 സ്കീം) പരീക്ഷ ഏപ്രിൽ 12 ലേക്കു മാറ്റിയതായി കേന്ദ്ര പരീക്ഷാബോർഡ് സെക്രട്ടറി അറിയിച്ചു. പരീക്ഷ സമയത്തിൽ മാറ്റമില്ല.

# അവധിക്കാല പരിശീലനം

സിഡിറ്റ് അഞ്ചു മുതൽ പ്ലസ്ടൂ വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന അവധിക്കാല കമ്പ്യൂട്ടർ പരിശീലന ത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് ഏപ്രിൽ 10നകം അപേക്ഷിക്കാം.

പൈത്തൺ, പിഎച്ച്പി, ജാവാ, സി++ എന്നീ പ്രോഗ്രാമിംഗ് ഭാഷകളും ഗ്രാഫിക് ഡിസൈനിങ്, വെബ് ഡിസൈനിംഗ്, ഡെസ്ക് ടോപ്പ് പബ്ലിഷിംഗ്, അനിമേഷൻ, ഓഫീസ് ഓട്ടോമേഷൻ, അക്കൗണ്ടിംഗ്, ഹാർഡ്‌വെയർ, നെറ്റ്‌വർക്കിംഗ്, റോബോട്ടിക്സ് തുടങ്ങി ഇരുപതോളം കോഴ്സുകളിലും, ”വൈബ്രന്റ് ഐടി”യിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡേറ്റാ സയൻസ്, ഡിസൈൻ തിങ്കിംഗ്, ആഗ്മെന്റഡ്‌വിർചൽ റിയാലിറ്റി, ഡിജിറ്റൽ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ എത്തിക്സ്, പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് എന്നിവയിലുമാണ് പരിശീലനം.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും www.cdit.org, 9895889892.

# മൂവാറ്റുപുഴയിലെ ആൾക്കൂട്ട കൊലപാതകം; പത്ത് പേർ അറസ്റ്റിൽ

മൂവാറ്റുപുഴ: മൂവാറ്റുപുഴയിലെ ആൾക്കൂട്ട കൊലപാതകത്തിൽ പത്ത് പേർ അറസ്റ്റിൽ. നാട്ടുകാരായ വിജീഷ്, അനീഷ്, സത്യൻ, സൂരജ്, കേശവ്, ഏലിയാസ് കെ. പോൾ, അമൽ, അതുൽ കൃഷ്ണ, എമിൽ, സനൽ എന്നിവരാണ് അറസ്റ്റിലായത്.

ഇവരെ പോലീസ് നേരത്തേ കസ്റ്റഡിയിലെടുത്തിരുന്നു. പത്തുപേരും കുറ്റം സമ്മതിച്ചതായി പോലീസ് അറിയിച്ചു. അരുണാചൽ പ്രദേശ് സ്വദേശിയായ അശോക് ദാസിൻറെ മരണം ആൾക്കൂട്ട മർദനത്തെ തുടർന്നാണെന്ന് പോലീസ് സ്ഥിരീകരിച്ചിട്ടുണ്ട്.

വ്യാഴാഴ്ച രാത്രി പതിനൊന്നരയോടെ വാളകം ആയുർവേദ ആശുപത്രിക്ക് സമീപം നാട്ടുകാർ അശോക് ദാസിനെ മരത്തിൽ കെട്ടിയിട്ട് മർദിക്കുകയായിരുന്നു. അവശനിലയിലായ അശോക് ദാസിനെ പൊലീസെത്തി ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

തലയ്ക്കും നെഞ്ചിനുമേറ്റ ക്ഷതമാണ് മരണകാരണമെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ പ്രാഥമിക വിവരം. പെൺസുഹൃത്തിനെ കാണാനെത്തിയത് ചോദ്യം ചെയ്തായിരുന്നു മർദനം.

# കാഴ്ചപരിമിതരായ കുട്ടികളുടെ വിദ്യാലയത്തിൽ പ്രവേശനം

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ തിരുവനന്തപുരം വഴുതക്കാട് പ്രവർത്തിക്കുന്ന കാഴ്ചപരിമിതർക്കുവേണ്ടിയുള്ള സർക്കാർ വിദ്യാലയത്തിൽ 20242025 അധ്യായന വർഷം കാഴ്ചപരിമിതരായ വിദ്യാർത്ഥികൾക്ക് 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ പ്രവേശനം ആരംഭിച്ചു. കുറഞ്ഞത് 40 ശതമാനമോ അതിനു മുകളിലോ കാഴ്ചക്കുറവുള്ളവർക്കാണ് പ്രവേശനം നൽകുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യവും ഭക്ഷണവും കുട്ടികളെ പ്രത്യേകം പരിചരിക്കുവാൻ പ്രാപ്തരായ ജീവനക്കാരുടെ സേവനവും ലഭ്യമാണ്.

പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥിയുടെ രക്ഷിതാക്കൾ സ്കൂൾ മേൽവിലാസത്തിൽ കത്ത് മുഖേനയോ നേരിട്ടോ ഓഫീസുമായി ബന്ധപ്പെടണമെന്ന് അറിയിക്കുന്നു. വിലാസം: ഹെഡ്മാസ്റ്റർ, കാഴ്ചപരിമിതർക്കുവേണ്ടിയുള്ള സർക്കാർ വിദ്യാലയം, വഴുതക്കാട്, തിരുവനന്തപുരം. ഫോൺ 0471 2328184, 8547722034, 9447467252. വാട്ട്സ്ആപ്പ് നമ്പർ: 8547722034, വെബ്സൈറ്റ്: www.gsvt.in , ഇമെയിൽ: gbs.tvpm@gmail.com .

# ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി

സംസ്ഥാനത്തെ 202324 അദ്ധ്യയന വർഷത്തെ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (BHMCT) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ കേരള എച്ച്.എസ്.ഇ ബോർഡ് നടത്തുന്ന ഹയർ സെക്കൻഡറി പരീക്ഷ (10+2), അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ച പരീക്ഷകൾ വിജയിച്ചിരിക്കണം അല്ലെങ്കിൽ സമാനമായ മേഖലയിൽ ഡി.വോക് വിജയിച്ചിരിക്കണം. അപേക്ഷിക്കാനുള്ള മിനിമം യോഗ്യത മാർക്ക് അതാതു കോളേജുകൾ അഫിലിയേറ്റ് ചെയ്തിരിക്കുന്ന യൂണിവേഴ്സിറ്റികൾക്കനുസരിച്ചു വ്യത്യസ്തമാകാം.

എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ BHMCT കോഴ്സിന് ചേരാൻ അർഹതയുണ്ടാവുകയുള്ളു.തിരഞ്ഞെടുക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ വച്ച് പ്രവേശന പരീക്ഷ നടത്തും. പരീക്ഷ തീയതി പിന്നീട് അറിയിക്കും. പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ കോഴ്സിലേക്കുള്ള പ്രവേശനം. www.lbscetnre.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈനായി ഏപ്രിൽ 30 വരെ അപേക്ഷാ ഫീസ് അടയ്ക്കാം.

ഓൺലൈൻ അപേക്ഷ സമർപ്പണം 2024 മെയ് 1 വരെ. പൊതുവിഭാഗത്തിന് 1200 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 600 രൂപയുമാണ് അപേക്ഷാ ഫീസ്. വ്യക്തിഗത വിവരങ്ങൾ മേൽപ്പടി വെബ്സൈറ്റിൽ കൂടി ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് കേരളത്തിലെ ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാ ഫീസ് അടയ്ക്കാം. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 04712324396, 2560327.

# താത്കാലിക അലോട്ട്മെന്റ് ലിസ്റ്റ്

സംസ്ഥാനത്തെ സർക്കാർ ഫാർമസി കോളജുകളിലേയും സ്വാശ്രയ ഫാർമസി കോളജുകളിലേയും 2023 വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ് പ്രവേശനത്തിനുള്ള മൂന്നാംഘട്ട താത്കാലിക അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ B.Pharm (LE) 2023 Candidate Portal എന്ന ലിങ്കിൽ നിന്നും പ്രൊവിഷണൽ അലോട്ട്മെന്റ് പരിശോധിക്കാം. താത്കാലിക അലോട്ട്മെന്റ് സംബന്ധിച്ച പരാതികൾ ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ ഏപ്രിൽ ആറിന് രാവിലെ 11ന് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇമെയിലിൽ (ceekinfo.cee@kerala.gov.in) അറിയിക്കണം.

കൂടുതൽ വിവരങ്ങൾക്ക്: www.cee.kerala.gov.in, 0471 2525300.

# അപേക്ഷ ക്ഷണിക്കുന്നു

കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്ടെൻഷൻ സർവീസ് ഫോർ ഇൻപുട്ട് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. 48 ആഴ്ച ദൈർഘ്യമുള്ള പ്രോഗ്രാമിൽ 80 സെഷനുകളും എട്ട് ഫീൽഡ് സന്ദർശനങ്ങളും ഉൾപ്പെടുന്നു. 20,000 രൂപ കോഴ്സ് ഫീസുള്ള പ്രസ്തുത കോഴ്സിലേക്ക് കൃഷി ഭവനിൽ ലഭ്യമായ അപേക്ഷകൾ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ ശുപാർശ സഹിതം ഈ മാസം 15 ന് (15/04/2024) മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

# അഞ്ചാംഘട്ട പ്രചാരണത്തിന് തുടക്കമിട്ട് വി. മുരളീധരൻറ റോഡ് ഷോ

ആറ്റിങ്ങൽ: അഞ്ചാം ഘട്ട പ്രചാരണത്തിന് തുടക്കമിട്ട് ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ എൻഡിഎ സ്ഥാനാർഥി വി. മുരളീധരൻ. മണ്ഡല പര്യടനത്തിൻറെ ഔദ്യോഗിക ഉദ്ഘാടനം കേന്ദ്ര വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ നിർവഹിച്ചു.

പര്യടന പതാക അദ്ദേഹം വി. മുരളീധരന് കൈമാറി. ബിജെപി ദേശീയ ഉപാധ്യക്ഷൻ എ. പി അബ്ദുള്ളക്കുട്ടി, ബിജെപി സംസ്ഥാന സെക്രട്ടറി അഡ്വ. എസ്. സുരേഷ്, ബിജെപി ജില്ലാ സെക്രട്ടറി മുളയറ രതീഷ്, തമ്പാനൂർ സതീഷ്, ബിജെപി വക്താവ് പാലോട് സന്തോഷ്, ബിജെപി കാട്ടാക്കട മണ്ഡലം പ്രസിഡൻറ് തിരുനെല്ലിയൂർ സുധീഷ് തുടങ്ങിയവർ പങ്കെടുത്തു.

പോത്തൻകോട് കാഞ്ഞാംപാറ ചിന്താലയ ആശ്രമത്തിൽ പ്രാർഥനയോടെയാണ് വി. മുരളീധരൻ ഇന്നലെ പ്രചാരണം ആരംഭിച്ചത്. പ്രശസ്ത സാഹിത്യകാരൻ പ്രഫ. ഗോപിനാഥ പിള്ളയെ വീട്ടിലെത്തിക്കണ്ട് സ്ഥാനാർഥി അനുഗ്രഹം തേടി. പ ൂവച്ചൽ പങ്കജകസ്തൂരി യൂണിറ്റിലും വി. മുരളീധരൻ സന്ദർശനം നടത്തി. പദയാത്രകൾ, കൺവൻഷനുകൾ, കൂടിക്കാഴ്ചകൾ, വികസന ചർച്ചകൾ എന്നിങ്ങനെ നാലുഘട്ട പ്രചാരണം പൂർത്തിയാക്കിയ ശേഷമാണ് എൻഡിഎ സ്ഥാനാർഥി പ്രചാരണത്തിൻറെ അടുത്ത ലാപ്പിലേക്കു കടന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



# കൊല്ലം പൂരം

## ആന പരിപാലന നിർദ്ദേശങ്ങൾ പുറത്തിറങ്ങി

ആന നീരാട്ട്, ആനയൂട്ട് കുടമാറ്റം എന്നിവയിൽ ആനകളുടെ മേൽനോട്ടം എലിഫൻറ് സ്ക്വാഡിന്

കൊല്ലത്തിന്റെ ഏറ്റവും വലിയ പൂരമായ കൊല്ലം പൂരത്തിന് ആനകളെ പങ്കെടുപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ജില്ലാ മൃഗസംരക്ഷണ വകുപ്പ് പുറത്തിറക്കി.

ഏപ്രിൽ 15ന് രാവിലെ 11 മണിക്ക് മുമ്പായി 13 ക്ഷേത്രങ്ങളിൽ നിന്നും ചെറുപൂരങ്ങൾ ആശ്രാമം ക്ഷേത്രം മൈതാനിയിലെത്തും

തുടർന്ന് ക്ഷേത്രപരിസരത്ത് പ്രത്യേകം സജ്ജമാക്കിയ ഷവറുകളിൽ ആനകൾക്ക് നീരാട്ട് ഒരുക്കിയിട്ടുണ്ട്

ഒരു മണിക്കൂർ നീരാട്ടിനു ശേഷം ആൽത്തറയിൽ ആനയൂട്ട് സംഘടിപ്പിക്കും

തണ്ണിമത്തൻ, പഴം ശർക്കര, ചോറ് ,മുന്തിരി എന്നിവ ചേർന്ന കൂട്ടാണ് ആനകൾക്ക് നൽകുക

ആനയൂട്ടിന് ശേഷം

5 വീതം ആനകൾ താമരക്കുളം ഗണപതി ക്ഷേത്രത്തിലേക്കും പുതിയ കാവ് ഭഗവതി ക്ഷേത്രത്തിലേക്കും യാത്രയാകും

മറ്റുള്ള ആനകൾ ആശ്രാമം ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ വിശ്രമിക്കും

തുടർന്ന് വൈകിട്ട് നാലരയോടെ തിരുമുമ്പിൽ മേളം തുടങ്ങും

അപ്പോഴേക്കും താമരക്കുളത്തുനിന്നും പുതിയ കാവിൽ നിന്നും അലങ്കാര ചമയങ്ങളോടെ ആനകൾ തിരിച്ചെത്തും

പിന്നീട് ക്ഷേത്ര മൈതാനിയിൽ

ഏഴോളം ആനകൾ ഇരുഭാഗത്തുമായി അണിനിരന്ന് തിരുമുമ്പിൽ കുടമാറ്റം നടത്തും

തുടർന്ന് ആനകൾ ആശ്രാമം മൈതാനിയിലെ പ്രത്യേകം സജ്ജമാക്കിയ മണൽത്തട്ടിൽ അണിനിരക്കും

25 ആനകളെ പങ്കെടുപ്പിച്ചാണ് ഇത്തവണ പൂരം നടത്തുക

ഇരുവശവും പതിനൊന്നാനകൾ വീതം അണിനിരന്ന് കുടമാറ്റവും കൊല്ലം പൂരവും

നടക്കും. 3 ആനകൾ കാഴ്ചക്കാരായി നില്കും

ആനകളുടെ ഡാറ്റ ബുക്ക്, ഇൻഷുറൻസ്,ആരോഗ്യ സർട്ടിഫിക്കറ്റ്,

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഡ്യൂട്ടിയിലുള്ള വെറ്ററിനറി സർജന്മാർ പരിശോധിക്കും.

ബ്രത്ത് അനലൈസർ ഉപയോഗിച്ച് ആനപരിപാലകരുടെ പരിശോധനയും നടത്തും

കരുതലായി മയക്കുവെടി സജ്ജീകരണങ്ങളും പ്രത്യേക ആംബുലൻസിൽ ഒരുക്കിയിട്ടുണ്ട്

ആരോഗ്യസ്ഥിതി മോശമായ ആനകളെയും മദപ്പാട് തുടങ്ങിയ ആനകളെയും ഒരു കാരണവശാലും പൂരത്തിൽ പങ്കെടുപ്പിക്കുന്നതല്ല

പൂരത്തിനായി ആനകളെ തെരഞ്ഞെടുത്ത് ഫിറ്റ്നസ് നൽകുന്നതിന്റെ പൂർണ്ണ ചുമതല മൃഗസംരക്ഷണ വകുപ്പ് എസ്.പി.സി.എ എലിഫൻറ് സ്ക്വാഡിനാണ്

കുടമാറ്റ വേദിയിൽ ഇരുഭാഗത്തുമായി പത്തോളം വെറ്ററിനറി സർജൻമാർക്കും

എസ് .പി .സി .എ ഇൻസ്പെക്ടർമാർക്കും ഇതിനുള്ള ചുമതല നൽകിയിട്ടുണ്ട്.

പൂരപ്രേമികൾ ആനകളിൽ നിന്നും 3 മീറ്റർ അകലം പാലിക്കണം

അടുത്തു നിന്നുള്ള സെൽഫി ഒഴിവാക്കണം

പുതിയകാവ് ഭഗവതിയുടെ തിടമ്പ് പുത്തൻകുളം 'അനന്തപത്മനാഭനും താമരക്കുളം ഗണപതിയുടെ തിടമ്പ് ചിറക്കര ശ്രീറാമും ആശ്രാമം

ശ്രീ കൃഷ്ണസ്വാമിയുടെ തിടമ്പ് കടവൂർ ശിവരാജുവുമാണ് ഇത്തവണ ഏൽക്കുക.

ആനയൂട്ട്, ആന നീരാട്ട് ,കുടമാറ്റം എന്നിവ നിയന്ത്രിക്കാനായി കൃത്യമായ ഉദ്യോഗസ്ഥ വിന്യാസം ഉണ്ടാകുമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ

ഡോ.ഡി.ഷൈൻകുമാർ അറിയിച്ചു

# കുട്ടിക്കടത്ത് സംഘങ്ങളെ ലക്ഷ്യമിട്ട് വ്യാപക റെയ്ഡ്; 7 പേർ അറസ്റ്റിൽ

## 3 നവജാത ശിശുക്കളെ രക്ഷിച്ചു

ന്യൂഡൽഹി : കുട്ടിക്കടത്ത് സംഘങ്ങളെ ലക്ഷ്യമിട്ടുള്ള സിബിഐ റെയ്ഡിൽ ഡൽഹിയിൽ 7 പേർ അറസ്റ്റിൽ. ഡൽഹിയിലെ ഏഴ് സ്ഥലങ്ങളിലായാണ് റെയ്ഡ് നടന്നത്. റെയ്ഡിൽ മൂന്ന് നവജാത ശിശുക്കളെ രക്ഷപ്പെടുത്താനായെന്ന് സിബിഐ അറിയിച്ചു. കുഞ്ഞുങ്ങളെ രക്ഷിക്കുന്നതിന്റെ ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.

സമൂഹ മാധ്യമങ്ങൾ കേന്ദ്രീകരിച്ചാണ് കുട്ടിക്കടത്ത് സംഘങ്ങൾ പ്രവർത്തിക്കുന്നത് എന്നാണ് അന്വേഷണസംഘത്തിന്റെ നിഗമനം. സമൂഹ മാധ്യമങ്ങൾ വഴി ആവശ്യക്കാരെന്നു പറഞ്ഞാണ് സിബിഐ സംഘം റാക്കറ്റുകളെ സമീപിച്ചത്. ഒരു നവജാത ശിശുവിനായി 4 മുതൽ 6 ലക്ഷം രൂപ വരെയാണ് ഇവർ വാങ്ങുന്നത്. നവജാത ശിശുക്കളെ വാങ്ങി മറിച്ചുവിൽക്കുകയാണ് ഇവർ ചെയ്തുവരുന്നത്

# സിപിഎം അക്കൗണ്ട് മരവിപ്പിച്ച സംഭവം; പാർട്ടിയെ വേട്ടയാടുകയാണ് ലക്ഷ്യം: സീതാറാം യെച്ചൂരി

ന്യൂഡൽഹി: സിപിഎം തൃശൂർ ജില്ലാ കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചതിന് പിന്നിൽ രാഷ്ട്രീയ ലക്ഷ്യമാണെന്ന് സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. ആദായനികുതി വകുപ്പ് അക്കൗണ്ട് മരവിപ്പിച്ചത് ഒരു കാരണവും ബോധിപ്പിക്കാതെയാണെന്നും യെച്ചൂരി പറഞ്ഞു. ദുരൂഹമായ നടപടിയാണിത്. എല്ലാ അക്കൗണ്ടുകളും തെരഞ്ഞെടുപ്പ് കമ്മീഷനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്താണ് ക്രമക്കേടെന്ന് തെളിവ് നൽകട്ടെ. തെരഞ്ഞെടുപ്പിൽ പാർട്ടിയെ വേട്ടയാടുകയാണ് ലക്ഷ്യം. ജനങ്ങൾ ബിജെപിക്ക് മറുപടി നൽകുമെന്നും യെച്ചൂരി വ്യക്തമാക്കി.

ആദായനികുതി വകുപ്പിൻറെ അല്ലാതെ തെരഞ്ഞെടുപ്പ് കമ്മീഷൻറെയോ ധനമന്ത്രാലയത്തിൻറെയോ ഭാഗത്ത് നിന്ന് ബന്ധപ്പെട്ടിട്ടില്ല. സുപ്രീംകോടതി ഇത്തരം നീക്കങ്ങളിൽ സ്വമേധയാ ഇടപെടണമെന്നും സീതാറാം യെച്ചൂരി ആവശ്യപ്പെട്ടു.

# ഗവർണർ നിയമനത്തിന് സമിതിയെ നിയോഗിക്കും; സിപിഎം പ്രകടന പത്രിക പുറത്തിറക്കി

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള സിപിഎം പ്രകടന പത്രിക പുറത്തിറക്കി. പൗരത്വ ഭേദഗതി നിയമം അസാധുവാക്കും. ഗവർണർ നിയമനത്തിന് സമിതിയെ നിയോഗിക്കുമെന്നും കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമം റദ്ദാക്കുമെന്നും പ്രകടനപത്രികയിൽ പറയുന്നു.

കേന്ദ്ര നികുതിയിൽ അന്പതു ശതമാനം സംസ്ഥാനങ്ങൾക്ക് നൽകുമെന്നാണ് പ്രധാന വാഗ്ദാനം. ഗവർണർമാർ ആരാകണമെന്നതു സംബന്ധിച്ച തീരുമാനം മുഖ്യമന്ത്രി നിർദേശിക്കുന്ന മൂന്നംഗ സമിതിക്കു വിടും. സർക്കാർ മേഖലയിലേതിന് സമാനമായ രീതിയിൽ സ്വകാര്യ രംഗത്തും സംവരണം ഏർപ്പെടുത്തും.

ജാതി സെൻസസ് നടപ്പാക്കും. തെരഞ്ഞെടുപ്പിൽ പാർട്ടികൾക്ക് സർക്കാർ ഫണ്ട് ഏർപ്പെടു ത്തും. കോർപ്പറേറ്റ് സംഭാവന നിരോധിക്കുമെന്നും സിപിഎം വ്യക്തമാക്കി. തൊഴിലുറപ്പ് കൂലി ഇരട്ടിയാക്കും. ജമ്മുകാഷ്മീരിൻറെ സംസ്ഥാന പദവി തിരികെ നൽകി തെരഞ്ഞെടുപ്പ് നടത്തും. സംസ്ഥാനങ്ങളുടെ ഫെഡറൽ അവകാശങ്ങൾ പുനഃസ്ഥാപിക്കുമെന്നും പ്രകടന പത്രികയിലുണ്ട്. സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയും പിബി അംഗങ്ങളും ചേർന്നാണ് പ്രകടന പത്രിക പ്രകാശനം ചെയ്തത്.

# ബിജെപിയുടെ വളർച്ചയ്ക്ക് പ്രചോദനം ദശലക്ഷക്കണക്കിന് പ്രവർത്തകരുടെ ത്യാഗവും സമർപ്പണവും: നദ്ദ

ന്യൂദൽഹി: മുതിർന്ന നേതാക്കൾ ഉൾപ്പെടെ ദശലക്ഷക്കണക്കിന് പ്രവർത്തകരുടെ കഠിനാധ്വാനവും ത്യാഗവും സമർപ്പണവുമാണ് ബിജെപിയുടെ പ്രചോദനാത്മകമായ യാത്രയ്ക്ക് കാരണമായതെന്ന് ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നദ്ദ. ബിജെപിയുടെ 45ാം സ്ഥാപക ദിനത്തിൽ ദേശീയ ആസ്ഥാനത്ത് പാർട്ടി പതാക ഉയർത്തിയശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബിജെപിക്കു വേണ്ടി സ്വയം സമർപ്പിച്ച തലമുറകളുടെ ത്യാഗവും അവരുടെ അശ്രാന്ത പരിശ്രമവും പ്രതിബദ്ധതയും ബിജെപിയെ ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയാക്കി. ഇന്ന് ലോക്സഭയിൽ 303 അംഗങ്ങളും രാജ്യസഭയിൽ 94 അംഗങ്ങളുമാണ് ബിജെപിക്കുള്ളത്. വിവിധ സംസ്ഥാനങ്ങളിലായി 1500 എംഎൽഎമാരും നൂറ്റമ്പതോളം മേയർമാരും ത്രിതല പഞ്ചായത്തുകളിൽ ആയിരക്കണക്കിന് പ്രസിഡന്റുമാരും അംഗങ്ങളും ഉണ്ട്. വിപുലമായ ജനപ്രാതിനിധ്യത്തോടെ ബിജെപി രാജ്യത്തെ ഏറ്റവും വലിയ പാർട്ടിയായി നിലകൊള്ളുന്നു.

ജനസംഘം സ്ഥാപക പ്രസിഡന്റ് ഡോ. ശ്യാമപ്രസാദ് മുഖർജി, ജനസംഘം സ്ഥാപക അംഗവും ബിജെപി സ്ഥാപക അധ്യക്ഷനുമായ പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ എന്നിവരുടെ പ്രതിമകളിൽ ജെ.പി. നദ്ദ പുഷ്പാർച്ചന നടത്തി. ദേശീയ സംഘടനാ ജനറൽ സെക്രട്ടറി ബി.എൽ. സന്തോഷ്, മുൻ രാജസ്ഥാൻ മുഖ്യമന്ത്രിയും ദേശീയ വൈസ് പ്രസിഡന്റുമായ വസുന്ധര രാജെ സിന്ധ്യ, ദേശീയ വൈസ് പ്രസിഡന്റ് ബൈജയന്ത് ജയ് പാണ്ഡ, ദേശീയ ജനറൽ സെക്രട്ടറി ദുഷ്യന്ത് ഗൗതം, കേന്ദ്രഓഫീസ് സെക്രട്ടറി മഹേന്ദ്ര പാണ്ഡെ, ദേശീയ മീഡിയ കോകൺവീനർ ഡോ. സഞ്ജയ് മയൂഖ് ഉൾപ്പെടെ നിരവധി മുതിർന്ന പാർട്ടി നേതാക്കളും പ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തു.



## ജെ.പി. നദ്ദ രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു

ന്യൂദൽഹി: ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നദ്ദ രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. രാജ്യസഭാ ചെയർമാനും ഉപരാഷ്ട്രപതിയുമായ ജഗ്ദീപ് ധൻഖർ സത്യവാചകം ചൊല്ലിക്കൊടുത്തു.

രാജ്യസഭ ഡെപ്യൂട്ടി ചെയർമാൻ ഹരിവൻഷ് നാരായൺ, രാജ്യസഭ സെക്രട്ടറി ജനറൽ പി.സി. മോദി എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഫെബ്രുവരിയിൽ നടന്ന രാജ്യസഭാ തെരഞ്ഞെടുപ്പിൽ ഗുജറാത്തിൽ നിന്ന് എതിരില്ലാതെയാണ് ജെ.പി. നദ്ദ തെരഞ്ഞെടുക്കപ്പെട്ടത്.

ഇതിനുപിന്നാലെ ഹിമാചൽ പ്രദേശിൽ നിന്നുള്ള രാജ്യസഭാംഗത്വം അദ്ദേഹം രാജിവച്ചിരുന്നു. അശോക് റാവു ശങ്കർ റാവു ചവാൻ (മഹാരാഷ്ട്ര), ചുന്നിലാൽ ഗരാസിയ (രാജസ്ഥാൻ), അനിൽ കുമാർ യാദവ് മന്ദാഡി (തെലങ്കാന), സുസ്മിതദേവ്, മുഹമ്മദ് നദിമുൽ ഹഖ് (ഇരുവരും ബംഗാൾ) എന്നിവരും ഇന്നലെ രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു.

# തിരഞ്ഞെടുപ്പു പ്രചാരണ പരിപാടികളിലും എഐ ക്യാമറ ഹിറ്റാകുന്നു; ന്യൂജെൻ പ്രചാരണവുമായി രാജീവ് ചന്ദ്രശേഖരൻ

തിരുവനന്തപുരം: റോഡിൽ മാത്രമല്ല, തിരഞ്ഞെടുപ്പു പ്രചാരണ പരിപാടികളിലും എഐ ക്യാമറ ഹിറ്റാകുന്നു. തിരുവനന്തപുരത്തെ എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിന്റെ പ്രചാരണ പരിപാടിക്കാണ് അണികളെ ആവേശം കൊള്ളിക്കാൻ എഐ ക്യാമറ അവതരിപ്പിച്ചിരിക്കുന്നത്. സ്ഥാനാർത്ഥിക്കൊപ്പം തിരഞ്ഞെടുപ്പു പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നവർക്കെല്ലാം അവരുടെ സ്വന്തം ഫോട്ടോ ഫോണിൽ ലഭിക്കുന്ന നിർമിത ബുദ്ധി സാങ്കേതിക വിദ്യ ഇതിനകം ഹിറ്റായി.

ഒരു ടെക്കി കൂടിയായ സ്ഥാനാർത്ഥിയുടെ എഐ ടെക്നോളജി താല്പര്യം കൂടി കണക്കിലെടുത്താണ് ഇത്തരമൊരു വ്യത്യസ്!ത ആശയം എൻഡിഎ തിരഞ്ഞെടുപ്പ് സമിതി അവതരിപ്പിച്ചിരിക്കുന്നത്. 'ഗെറ്റ് യുവർ ഫോട്ടോസ് ഓൺ യുവർ ഫോൺ' എന്ന ഹാഷ്ടാഗോടെയാണ് ഈ എഐ ഫോട്ടോ പ്രചാരണം അവതരിപ്പിച്ചിട്ടുള്ളത്.

പ്രചാരണ പരിപാടികളിൽ ലഭ്യമായ ക്യൂ ആർ കോഡ് സ്കാൻ ചെയത ശേഷം ആവശ്യമായ വിവരങ്ങൾ നൽകി ഒരു സെൽഫി എടുത്താൽ മാത്രം മതി.

രാജീവ് ചന്ദ്രശേഖറിന്റെ പ്രചാരണപരിപാടികളിൽ നിങ്ങളുൾപ്പെട്ട എല്ലാ ഫോട്ടോകളും ഉടൻ നിങ്ങളുടെ ഫോണിലെത്തും. ഇത് ഇഷ്ടനുസരണം ഡൗൺലോഡ് ചെയ്തെടുക്കാം. നിലവിൽ ഈ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന കേരളത്തിൽ ഏക സ്ഥാനാർത്ഥിയാണ് രാജീവ് ചന്ദ്രശേഖർ. ഇതിനോടകം തന്നെ 2000ലേറെ ചിത്രങ്ങൾ ഡൗൺലോഡ് ചെയ്യപ്പെട്ടു.

# ഐസിയു പീഡനക്കേസ് : പി ബി അനിതയെ കോഴിക്കോട് മെഡിക്കൽ കോളജിൽ നിയമിച്ച് ഉത്തരവിറങ്ങി

## ആറ് ദിവസമായി അനിത ആശുപത്രിക്ക് മുന്നിൽ സമരം നടത്തുകയായിരുന്നു

കോഴിക്കോട് : കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസിയു പീഡന ക്കേസിൽ അതിജീവിതയെ പിന്തുണച്ച നഴ്സ് പി ബി അനിതയെ കോഴിക്കോട് മെഡിക്കൽ കോളജിൽ തന്നെ നിയമിച്ച് ഉത്തരവിറക്കി.ഏറെ അനിശ്ചിതത്വത്തിന് ശേഷം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറാണ് ഉത്തരവ് ഇറക്കിയത്.

ഹൈക്കോടതിയുടെ വിധിയ്ക്ക് വിധേയമായാണ് നിയമനം.ഹൈക്കോടതി വിധി ഉണ്ടായിട്ടും നിയമനം നൽകാത്തതിനെ തുടർന്ന് ആറ് ദിവസമായി അനിത ആശുപത്രിക്ക് മുന്നിൽ സമരം നടത്തുകയായിരുന്നു.

നിയമനം നൽകാത്തത് ചോദ്യം ചെയ്ത് അനിത നൽകിയ ഹർജി തിങ്കളാഴ്ച കോടതിയുടെ പരിഗണനയ്ക്ക് വരാനിരിക്കെയാണ് ഇന്ന് രാത്രി നിയമന ഉത്തരവിറങ്ങിയത്.ഐ.സി യു പീഡനക്കേസ് അതിജീവിതയും സമരത്തിന്റെ ഭാഗമായി അനിതയ്ക്കൊപ്പമുണ്ടായിരുന്നു.

അതിജീവിതയെ ആശുപത്രി ജീവനക്കാരായ അഞ്ചുപേർ ഭീഷണിപ്പെടുത്തിയത് അനിതയുടെ നിരുത്തരവാദപരമായ സമീപനം കൊണ്ടാണ് എന്നായിരുന്നു ഡിഎംഇ റിപ്പോർട്ട് . ഇതിന്റെ അടിസ്ഥാനത്തിലാണ് ഇടുക്കി മെഡിക്കൽ കോളജിലേക്ക് സ്ഥലം മാറ്റിയത് ഇതിനെതിരെയാണ് ഹൈക്കോടതിയിൽ നിന്ന് അനുകൂല അനിത ഉത്തരവ് നേടിയത്. സി പി എം അനുകൂല സംഘടനയാണ് അനിതയ്ക്കെതിരെ രംഗത്തുണ്ടായിരുന്നത്.